# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടലുണ്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 1/1620/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 02/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടലുണ്ടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 1/1620/2023 തീയ്യതി: 02/12/2023

## കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജോഷോ ബെന്നറ്റ് ജോൺ കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 12-10-2023 | 20-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-10-2023 | 20-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ശ്രീജ തെക്കൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി. ജിഷ സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത.ടി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഷിബിൻ.കെ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ബിബിൻ.ഇ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. അനുഷ.വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ജോഷി ജോസ്.സി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 19-04-2022 |
| ശ്രീ. ബിനു വർഗ്ഗീസ് | സെക്രട്ടറി | 20-04-2022 | 01-10-2022 |
| ശ്രീ. ജോഷി ജോസ്.സി.ജെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 11-10-2022 |
| ശ്രീ. കെ.പി.എം.നവാസ് | സെക്രട്ടറി | 12-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ജോഷി ജോസ്.സി.ജെ | അസി. സെക്രട്ടറി | 01-04-2022 | 24-11-2022 |
| ശ്രീമതി. അഞ്ജന പോൾ | അസി. സെക്രട്ടറി | 25-11-2022 | 14-12-2022 |
| ശ്രീ. സുരേഷ്.വി.കെ | അസി. സെക്രട്ടറി | 15-12-2022 | 31-03-2023 |
| ശ്രീ. മനോജ് കുമാർ.എം | അസി. എഞ്ചിനിയർ | 01-04-2022 | 31-05-2022 |
| ശ്രീ. ഹിരൺ.ടി | അസി. എഞ്ചിനിയർ | 01-06-2022 | 29-06-2022 |
| ശ്രീമതി. തുഷാര.പി.ആർ | അസി. എഞ്ചിനിയർ | 30-06-2022 | 02-08-2022 |
| ശ്രീ. ജാക്സൺ ജോസഫ് | അസി. എഞ്ചിനിയർ | 03-08-2022 | 14-09-2022 |
| ശ്രീമതി. കാവ്യ.ആർ | അസി. എഞ്ചിനിയർ | 15-09-2022 | 31-03-2023 |
| ശ്രീമതി. ഭവ്യ.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷീജ.എം | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. വിജീഷ്.വി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. അപർണ.കെ.എസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ആനന്ദ്.എം | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ. അരവിന്ദ് ജോഷി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ. യദുനന്ദനൻ.കെ.പി | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ. രൂപ ജിനദേവൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീ. ജാഫർ.കെ.കെ | ഹെഡ് മാസ്റ്റർ | 01-02-2023 | 31-03-2023 |
| ശ്രീ. അക്ബർ ഷരീഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. രുഷ്ന.വി.എം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 29-07-2022 |
| ശ്രീമതി. ബബിത.സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 30-07-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-4 |
| 6 | വാടക കുടിശ്ശിക കണക്കിൽ അപാകത | 1-1-5 |
| 7 | വാർഷിക കണക്കിലെ ഡിമാന്റും രജിസ്റ്ററിലെ ഡിമാന്റും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല | 1-1-7 |
| 9 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-4-1 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ക്ഷേമ പദ്ധതികൾ | 1-6 |
| 16 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 18 | ടാക്സ് ഓഡിറ്റ് | 1-9 |
| 19 | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് നൽകി | 1-10 |
| 20 | വാടക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-11 |
| 21 | ജങ്കാർ സർവ്വീസ് - കിസ്തു തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു | 1-12 |
| 22 | രസീതി പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ വൈകി അടവാക്കുന്നു | 1-13 |
| 23 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-14 |
| 24 | ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്തു | 1-15 |
| 25 | കോട്ടക്കുന്ന് അംഗൻവാടി നിർമ്മാണം -ബ്ലോക്ക് വിഹിതം നഷ്ടമായതും, മറ്റപാകതകളും | 1-16 |
| 26 | മഠത്തിൽപടി ഗ്രാമ്യ റോഡ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-17 |
| 27 | പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിന്റിംഗ് ഇനം ഉപയോഗപ്പെടുത്തി | 1-18 |

| | | |
|---|---|---|
| 28 | പ്ലിന്ത് ലെവലിനുള്ള നിർമ്മാണത്തിന് സൂപ്പർ സ്ട്രച്ചറിനുള്ള ഇനം നൽകിയതിനാൽ അധിക ചെലവ് | 1-19 |
| 29 | കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിലും ഫോംവർക്കിന് തുക ഉൾപ്പെടുത്തുന്നു | 1-20 |
| 30 | ഡ്രൈനേജ് പ്രവൃത്തികളിൽ ഏകീകൃത സ്വഭാവമില്ലാത്തതും, മറ്റപാകതകളും | 1-21 |
| 31 | പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം -മറ്റപാകതകളും | 1-22 |
| 32 | ടേക്ക് എ ബ്രേക്ക് - നിർമ്മാണം അനിശ്ചിതത്വത്തിൽ | 1-23 |
| 33 | ടേക്ക് എ ബ്രേക്ക് - കേസ് തീർപ്പാക്കുന്നതിൽ അലംഭാവം | 1-24 |
| 34 | ശ്രീ.അപ്പുട്ടി.കെ,പാർട്ട് ടൈം ലൈബ്രേറിയന്റെ ശൂന്യവേതനാവധിയും റിട്ടയർമെന്റ് പെൻഷനും അപേക്ഷ സമർപ്പിച്ച് രണ്ടര വർഷമായിട്ടും അനുവദിച്ചിട്ടില്ല. | 1-25 |
| 35 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പുതുക്കൽ -പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല. | 1-26 |
| 36 | വിവിധ ഏജൻസികൾക്ക് തുക നൽകി -പൂർത്തീകരണം,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-27 |
| 37 | വിവിധ ഫോറങ്ങളുടെ പ്രിന്റിംഗ് - മിതവ്യയം പാലിച്ചില്ല. | 1-28 |
| 38 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം - ക്ലോസ് ചെയ്ത അക്കൗണ്ടിലേക്ക് തുക കൈമാറിയതിനാൽ ഗുണഭോക്താവിന് പണം ലഭ്യമായില്ല. | 1-29 |
| 39 | തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല | 1-30 |
| 40 | അപകടഭീഷണിയുള്ള കെട്ടിടത്തിൽ അംഗണവാടി പ്രവർത്തിക്കുന്നു. | 1-31 |
| 41 | കോക്ലിയർ ഇംപ്ലാന്റേഷൻ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-32 |
| 42 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച് | 1-33 |
| 43 | മാലിന്യ സംസ്കരണ സംവിധാനം പര്യാപ്തമല്ല | 1-34 |
| 44 | ഹോമിയോ ആശുപത്രികളിലേയ്ക്ക് മരുന്നു വാങ്ങൽ -മുഴുവൻ മരുന്നും ലഭ്യമായില്ല | 1-35 |
| 45 | കെ.എം.സി.എല്ലിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ ,മരുന്ന് എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല . | 1-36 |
| 46 | അമൃതം ന്യൂട്രിമിക്സ് ബില്ല് - സ്രോതസിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് ഈടാക്കിയിട്ടില്ല. | 1-37 |
| 47 | ന്യൂട്രിമിക്സ് - ലാബ് പരിശോധന റിപ്പോർട്ട് ലഭ്യമല്ല | 1-38 |
| 48 | ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത | 1-39 |


ഭാഗം **2**

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കോട്ടക്കുന്ന് അംഗൻവാടി നിർമ്മാണം -സ്റ്റീലിന്റെ കോയിഫിഷ്യന്റ് തെറ്റായി കണക്കാക്കി -അധിക ചെലവ് | 3-1 |
| 2 | പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - ടെണ്ടർകുറവ് ഈടാക്കിയില്ല | 3-2 |
| 3 | പ്ലിന്ത് ലെവലിനുള്ള നിർമ്മാണത്തിന് സൂപ്പർ സ്ട്രച്ചറിനുള്ള ഇനം നൽകിയതിനാൽ അധിക ചെലവ് | 3-3 |
| 4 | മഠത്തിൽപടി സ്രാമ്പ്യ റോഡ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-4 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07/07/2023 ലെ തീരുമാന നമ്പർ 1 പ്രകാരം തയ്യാറാക്കി 24/07/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്).

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (11387002) ഇതേ പത്രികയിലെ "Net Cash Generated By Operating + Investing+Financial

Activity"(A+B+C) ആയി രേഖപ്പെടുത്തിയ തുകയും (4302916) പൊരുത്തപ്പെടുന്നില്ല.

1-1-3 ബാങ്ക് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ലാതെ പിൻവലിക്കൽ

തനത് ഫണ്ട് അക്കൗണ്ടിന്റെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ബാങ്ക് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയുടെ പരിശോധനയിൽ ബാങ്ക് ബുക്കിൽ രേഖപ്പെടുത്താത്ത താഴെപറയുന്ന പിൻവലിക്കലുകൾ കണ്ടെത്തിയിട്ടുണ്ട്.

| Bank Account | Date | Instrument No | Amount |
|---|---|---|---|
| Kadalundi Service Co-op Bank Own Fund (001003000409) | 28.04.2022 | 139100 | 800 |
| | 03.06.2022 | 139104 | 3400 |
| | 10.06.2022 | 139087 | 6792 |
| | 16.06.2022 | 139099 | 3122 |

മേൽ പിൻവലിക്കലുകളുടെ ഉദ്ദേശ്യം ബാങ്ക് സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നില്ല. ബാങ്ക് ബുക്കിൽ രേഖപ്പെടുത്താതെ അക്കൗണ്ടിൽ നിന്നും മേൽ തുകകൾ പിൻവലിച്ചതിന് ആധാരമായ രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. Property Tax On Residential Buildings(110100101), Property Tax On Non-Residential Buildings(110100102) എന്നീ അക്കൗണ്ട് ഹെഡുകളുടെ 01.04.2022 മുതൽ 31.03.2023 വരെയുള്ള ലെഡ്ജർ റിപ്പോർട്ട് പരിശോധിച്ചു. വസ്തുനികുതി ഇനത്തിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും കെട്ടിടങ്ങളുടെ പൊളിച്ചുമാറ്റൽ, പുതിയ കെട്ടിടങ്ങൾ നിലവിൽ വരുന്നത് എന്നിവയ്ക്ക് അനുസരിച്ച് ഡിമാന്റിൽ വ്യത്യാസം വരുത്തുന്നില്ല .

1-1-5 വാടക കുടിശ്ശിക കണക്കിൽ അപാകത

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂൾ പ്രകാരം വാടക ഇനത്തിലെ കുടിശ്ശിക 1,88,648(73188+115460) രൂപയാണ്. 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-45 പ്രകാരം Rent Recievables From Buildings(Arrear) ഇനത്തിലെ കളക്ഷൻ 73188 ആണ്. 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിൽ വാടക ഇനത്തിൽ പിരിച്ചെടുക്കാനുള്ള കുടിശ്ശിക തുകയായി 115460(188648-73188) രൂപയ്ക്ക് പകരം 67032 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാടക കുടിശ്ശിക കണക്കിലെ അപാകത വിശദീകരിക്കേണ്ടതാണ്.

1-1-6 വാർഷിക കണക്കിലെ ഡിമാന്റും രജിസ്റ്ററിലെ ഡിമാന്റും പൊരുത്തപ്പെടുന്നില്ല

സ്ഥാപനത്തിലെ ജങ്കാർ വരവ് രജിസ്റ്റർ പ്രകാരം 2022-23 വർഷത്തിൽ ജങ്കാർ കിസ്ത് തുക ഇനത്തിലെ ഡിമാന്റ് 4,56,000 രൂപയാണ്. എന്നാൽ 2022-23 വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് I-4 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് 2,66,000 രൂപയാണ്. പിരിച്ചെടുക്കാനുള്ള ബാക്കി തുക 190000 ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 രജിസ്റ്ററുകളിൽ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല

I) 2022-23 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-4 പ്രകാരം Permit Fee For Construction Of Buildings ഇനത്തിൽ 161766 രൂപയും Fee For Building Regularisation ഇനത്തിൽ 57435 രൂപയും കളക്ഷനുണ്ട്. എന്നാൽ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് ഇനങ്ങളിലെ 2022-23 വർഷത്തെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

Ii) വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 സ്റ്റേറ്റ്മെന്റ് പ്രകാരം 24,030/- രൂപയുടെ സ്റ്റോർസ് 2022-23 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ സംക്ഷിപ്തം കൃത്യമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

സ്ഥാപനത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-2 ബജറ്റ്

കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 26.03.2022 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2022-23 ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുൻബാക്കി | 45,00,841 |
| വരവ് | 19,56,09,000 |
| ആകെ | 20,01,09,841 |
| ചെലവ് | 19,33,14,000 |
| നീക്കിയിരിപ്പ് | 67,95,841 |

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുൻബാക്കി | 3,95,41,724 |
| വരവ് | 6,24,18,953 |
| ആകെ | 10,19,60,677 |
| ചെലവ് | 5,10,31,951 |
| നീക്കിയിരിപ്പ് | 5,09,28,726 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 43387000 | 43387000 | 34559282 | 78827718 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 0 | 6783000 | 6783000 | 5466678 | 1316322 |
| മെയിന്റനൻസ്,റോഡ് | 0 | 16894000 | 16894000 | 13031301 | 3862699 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 7466000 | 7466000 | 6044733 | 1421267 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ്(ട്രഷറി മുഖേന) | 0 | 1313291 | 1313291 | 181856 | 1131435 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് (PFMSമുഖേന) | 2213826 | 6331053 | 8544879 | 6772254 | 1772625 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (ട്രഷറി മുഖേന) | 0 | 3208699 | 3208699 | 1235357 | 1973342 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് (PFMS മുഖേന) | 5205631 | 8744000 | 13949631 | 4604108 | 9345523 |

### 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (റോഡ്) , മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ | ഐ.കെ.എം. ചെലവ് |
|---|---|---|

| | പത്രികയിലെ തുക | പത്രികയിലെ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 22,07,51,578 | 4,53,53,393 |
| വികസന ഫണ്ട് (എസ്.സി.പി) | 3,99,04,170 | 69,31,680 |
| മെയിന്റൻസ് ഫണ്ട് (റോഡ്) | 1,80,22,583 | 1,74,18,583 |
| മെയിന്റൻസ് ഫണ്ട് (നോൺറോഡ്) | 2,01,81,858 | 87,73,572 |

2) വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (നോൺറോഡ്) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 284 | 142575357 | 207 | 83277769 | 20 | 57 | 72.88% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 13 | 5626840 | 3028749 | 53.82% |
| വെറ്ററിനറി സർജൻ | 9 | 9 | 7183120 | 4286674 | 59.67% |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ) (സി.എച്ച്.സി) | 14 | 14 | 4788719 | 4387311 | 91.62% |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 3 | 3 | 900000 | 899609 | 99.95% |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 1200000 | 1200000 | 100% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 136 | 84 | 62840115 | 30701359 | 60.93% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 11 | 9 | 23510000 | 10645000 | 45.27% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 18 | 15 | 8606737 | 5293155 | 61.5% |
| ഹെഡ്മാസ്റ്റർ | 11 | 6 | 933420 | 644057 | 68.99% |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 11 | 11 | 10086550 | 9367447 | 92.87% |
| സെക്രട്ടറി | 40 | 28 | 11474696 | 7814844 | 68.1% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 680000 | 674000 | 99.11% |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 7 | 2854680 | 2505690 | 87.77% |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 6 | 6 | 1890480 | 1829874 | 96.79% |
| | 284 | 207 | 142575357 | 83277769 | 58.40% |

ഡി.പി.സി. അംഗീകാരം ലഭിച്ച 284 പ്രൊജക്ടുകളിൽ 207 എണ്ണം ഓഡിറ്റ് വർഷം പൂർത്തിയാക്കിയിട്ടുണ്ട്. ആകെ പദ്ധതി അടങ്കലായി 142575357/-രൂപ വകയിരുത്തിയതിൽ 83277769/- രൂപ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 26,78,400 | 239 |
| വിധവാപെൻഷൻ | 1,69,10,600 | 1562 |
| വാർദ്ധക്യകാലപെൻഷൻ | 3,76,12,200 | 3742 |
| വികലാംഗപെൻഷൻ | 52,52,400 | 472 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 26,10,400 | 238 |
| വിവാഹ ധനസഹായം | 2,10,000 | 7 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2023 ന് സ്ഥാപനതലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,720/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമ പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

ഓഫീസ് ഉത്തരവ് രജിസ്റ്റർ പ്രകാരം എല്ലാ ഉത്തരവാദിത്തങ്ങളും ജീവനക്കാർക്ക് കൃത്യമായി വിഭജിച്ച നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി വിഭജനം ചെയ്തിട്ടില്ലെന്ന് കാണുന്നു. സ്റ്റാഫ് മീറ്റിംഗ് നടത്തി ഓരോ മാസവും പഞ്ചായത്തിൽ നടത്തേണ്ട പ്രവർത്തനങ്ങളും ഇതുവരെ ചെയ്ത പ്രവർത്തന പുരോഗതിയും വിലയിരുത്തുന്നുണ്ട്. ഓഡിറ്റ് വർഷത്തിൽ 27-4-22, 21-6-22, 24-6-22, 16-9-22, 26-9-22, 26-10-22, 30-1-23, 28-02-23 എന്നിങ്ങനെ 8 തവണയായി ഓഫീസ് മീറ്റിംഗ് നടത്തിയിട്ടുണ്ട്. രശീതി പിരിവിന്റെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല. വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായ

പ്രോജക്ട് പ്രകാരം ഗുണഭോക്തൃ വിഹിതം പിരിച്ച് പഞ്ചായത്തിൽ അടക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. വിശദാംശങ്ങൾക്കായി ഖ-1-13 കാണുക. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ എണ്ണം, ഇനം എന്നിവ കാണിക്കുന്ന രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-9 ടാക്സ് ഓഡിറ്റ്

ആറാം ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവസമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ടാക്സ് ഓഡിറ്റ് നടത്തുന്നതിനുള്ള സർക്കാർ നിർദേശപ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023 ലെ ഡി.കെ.എസ്.എ.3683/എസ്.എസ്. 3/2019 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ തനത് വരുമാനത്തെ ബന്ധപ്പെടുത്തികൊണ്ടുള്ള ടാക്സ് ഓഡിറ്റ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങളാണ് നികുതി വരവുകളായ വസ്തുനികുതി, തൊഴിൽനികുതി, സേവന ഉപനികുതി, വിനോദനികുതി എന്നിവ.

വസ്തുനികുതി പരിഷ്കരണം (2023-24)

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, കേരള സർക്കാറിന്റെ 22.03.2023 ലെ സ.ഉ.(കൈ) നമ്പർ 77/2023/എൽ.എസ്.ജി.ഡി പ്രകാരം 2023-24 മുതൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പുതുക്കി നിശ്ചയിക്കുന്നതിനും കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 05/04/2023 ലെ സ.ഉ.(അച്ചടി) 25/2023 എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപന പ്രകാരവും 29.04.2023 ലെ 03/01 ഭരണസമിതി തീരുമാന പ്രകാരവും കടലുണ്ടി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 01/04/2023 മുതൽ നിലവിലുള്ള വസ്തുനികുതി, സേവന ഉപനികുതി പുതുക്കി നിശ്ചയിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള പരിധികൾക്ക് വിധേയമായി അടിസ്ഥാന വസ്തുനികുതി നിരക്കുകൾ താൽക്കാലികമായി നിശ്ചയിക്കുകയും ടി കരട് വിജ്ഞാപനം 26/05/2023 ന് ആക്ഷേപം ക്ഷണിച്ച് കൊണ്ട് പത്രങ്ങളിൽ പരസ്യം നൽകുകയും ചെയ്തിരുന്നു. നോട്ടീസ് തീയതി മുതൽ നിശ്ചിത സമയപരിധിക്കകം ലഭിച്ച ആക്ഷേപങ്ങൾ പരിഗണിച്ച ശേഷം കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 10/08/2023 ലെ 04/01 നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച് 22/08/2023 ൽ അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിലവിൽ പുതുക്കിയ നിരക്കിലാണ് നികുതി ഈടാക്കുന്നത്. ആയത് സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്.

വസ്തുനികുതി

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളാക്കി തിരിച്ചിട്ടുണ്ട്. ദ്വിതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ പത്തുശതമാനവും തൃതീയ മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ ഇരുപത് ശതമാനവും ഇളവ് നൽകി വരുന്നു. ഗ്രാമപഞ്ചായത്തിലെ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ അഞ്ചു മീറ്ററിൽ കൂടുതൽ ഉള്ളവ, ഒന്നര മീറ്ററിനും അഞ്ചു മീറ്ററിനും ഇടയിലുള്ളവ, ഒന്നര മീറ്ററിൽ താഴെ ഉള്ളവ എന്നിങ്ങനെ തരം തിരിക്കുകയും കെട്ടിടങ്ങളുടെ സമീപത്തുള്ള റോഡിനനുസരിച്ച് വസ്തു നികുതിയിൽ വർദ്ധനവ്/ഇളവ്

നൽകി വരികയും ചെയ്യുന്നു. എന്നാൽ വസ്തുനികുതി നിർണ്ണയത്തിലുള്ള അപാകതകൾ നികുതി വരവ് കുറയുന്നതിന് ഇടയാക്കുന്നു. മേഖല, റോഡുകളെ വീതി എന്നിവയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി നികുതി നിർണയിച്ചതിലെ അപാകത ഖണ്ഡിക 1-10 ൽ ചേർത്തിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങളെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അനധികൃതമായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് എതിരെ നാളിതുവരെ നടപടി സ്വീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. നിലവിൽ പഞ്ചായത്തിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ അനധികൃത നിർമ്മാണം സംബന്ധിച്ച് 2021-22 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും നടപടി സ്വീകരിച്ചിട്ടില്ല. ഫീൽഡ്തല പരിശോധനയിലൂടെ അനധികൃത നിർമ്മാണങ്ങളെ പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞ് നടപടി സ്വീകരിക്കേണ്ടതുണ്ട്. നിർമ്മാണ പൂർത്തീകരണത്തിന് ശേഷമുണ്ടാകാനിടയുള്ള സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1), പട്ടിക 3, 235എ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിയന്ത്രിക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. വാർഡ് അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യാനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം നിർത്തിവെപ്പിക്കേണ്ടതും നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ഇക്കാര്യം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

<u>തൊഴിൽ നികുതി</u>

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിലെ തൊഴിൽ നികുതിപിരിവ് പൂർണമല്ല എന്നു കാണുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാനമാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തവരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്.. പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട അപാകത ഖണ്ഡിക 1-11 ൽ ചേർത്തിട്ടുണ്ട്.

<u>സേവന ഉപനികുതി</u>

ശുചിത്വപരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം ആവശ്യമുള്ള പക്ഷം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതുമാണ്. ഗ്രാമപഞ്ചായത്തിൽ നിലവിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നില്ല.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.
2. അനധികൃത നിർമ്മാണങ്ങൾ , വിസ്തീർണത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയ കെട്ടിടങ്ങൾ, എന്നിവയുടെ നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിച്ച് തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. കെട്ടിടങ്ങൾക്ക് ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണ്. പരിശോധനയിൽ നിർമ്മിതിയിൽ വരുത്തിയ മാറ്റങ്ങൾ കണ്ടെത്താവുന്നതും അതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിക്കുകയും ചെയ്യാവുന്നതാണ്.

4. പഞ്ചായത്ത് പരിധിയിലുള്ള ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന മുഴവൻ സ്ഥാപനങ്ങളെക്കൊണ്ടും ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴവൻ ജീവനക്കാരിൽ നിന്നും/ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പഞ്ചായത്ത് നൽകി വരുന്ന സേവനങ്ങൾക്കനുസരിച്ച് കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങള് ചട്ടം 27 ൽ പറഞ്ഞ നിരക്കിൽ സേവന ഉപനികതി ഈടാക്കി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-10 കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയിച്ച് നൽകി

1. കെട്ടിട നമ്പർ 8/398 A1 , B, C, D

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ വാർഡ് 08 ൽ കടലുണ്ടി വില്ലേജിൽ 353/13-14 സർവ്വെ നമ്പറിൽ ശ്രീ. അബ്ദു സമദ്, കുറുത്തേടത്ത്, പെരുമുഖം എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ച് 2013-14 മുതൽ നികുതി ഈടാക്കിയിട്ടുണ്ട്, ഫോം.6 പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | ഉൾപ്പെടുന്ന മേഖല | ഉൾപ്പെടുത്തിയ മേഖല |
|---|---|---|---|
| 8/398 A1 | 499.04 M2 | പ്രഥമ മേഖല | ദ്വിതീയ മേഖല |
| 8/398 B | 509 M2 | | പ്രഥമ മേഖല |
| 8/398 C | 237.08 M2 | | ദ്വിതീയ മേഖല |
| 8/398 D | 209.31 M2 | | ദ്വിതീയ മേഖല |

പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. തെറ്റായി നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതി കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

2. കെട്ടിട നമ്പർ 13/420 B, C, D, E, F, G, H, I, J, K, L

കടലുണ്ടി ഗ്രാമപഞ്ചായത്തിൽ വാർഡ് 13 ൽ കടലുണ്ടി വില്ലേജിൽ 151/15 സർവ്വെ നമ്പറിൽ ശ്രീ. ശ്രീനിവാസൻ വി.കെ, ശാസ്തപുരി, കൊടക്കണ്ടത്തിൽ പറമ്പ്, കടലുണ്ടി എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ച് നികുതി ഈടാക്കിയിട്ടുണ്ട്, ഫോം.6 പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വിസ്തീർണ്ണം | ഉൾപ്പെടുന്ന മേഖല | ഉൾപ്പെടുത്തിയ മേഖല | ഉൾപ്പെടുത്തിയ ഉപയോഗം |
|---|---|---|---|---|
| 420/B | 24.75 M2 | പ്രഥമ മേഖല | ദ്വിതീയ മേഖല | അസംബ്ലി കെട്ടിടം |
| 420/C | 24.75 M2 | | | |
| 420/D | 24.75 M2 | | | |
| 420/E | 24.75 M2 | | | |
| 420/F | 24.75 M2 | | | |
| 420/G | 24.75 M2 | | | വാണിജ്യാവശ്യം-100 M2 ന |

| | | | |
|---|---|---|---|
| | | | മുകളിൽ |
| 420/H | 24.75 M2 | | വാണിജ്യാവശ്യം-100 M2 വരെ |
| 420/I | 24.75 M2 | | |
| 420/J | 24.75 M2 | | |
| 420/K | 24.75 M2 | | |
| 420/L | 24.75 M2 | | |

പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതായി കാണുന്നു. തെറ്റായി നികുതി നിർണ്ണയിച്ചതിനാൽ വസ്തു നികുതി കണക്കാക്കിയതിൽ കുറവ് വന്നിട്ടുണ്ട്.

അടിസ്ഥാന നികുതി നിരക്ക്

ഫോം.6 പരിശോധിച്ചതിൽ 420/B മുതൽ 420/F വരെ കെട്ടിടങ്ങൾക്ക് 30 രൂപ നിരക്കിലും, 420/G കെട്ടിടത്തിന് 70 രൂപ നിരക്കിലും, 420/H മുതൽ 420/L വരെ കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിലും ഈടാക്കിയതായി കാണുന്നു. ഒരേ കെട്ടിടത്തിലെ മുറികൾക്ക് വ്യത്യസ്ത നിരക്കിൽ നികുതി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/2022- 23, തീയതി- 20/10/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി നിർണ്ണയിച്ച് നൽകിയ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളും, നടപടിക്രമങ്ങളും പാലിക്കാതെ നികുതി നിർണ്ണയിച്ചതിനാൽ ഈടാക്കിയ വസ്തുനികുതി ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. കെട്ടിടനികുതി പുനർനിർണ്ണയിച്ച് നിർമ്മാണം പൂർത്തിയായ ഏരിയയ്ക്കനുസൃതമായി വസ്തുനികുതി ഈടാക്കി ഓഡിറ്റിൽ രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-11 വാടക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

2022-23 വർഷത്തിൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള 7 കെട്ടിടങ്ങളിൽ 5 കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുകയും വാടക പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. 11/484 D, 11/484 E എന്നീ കെട്ടിടങ്ങൾ 2020-21 മുതൽ ഒഴിഞ്ഞ് കിടക്കുന്നു. രജിസ്റ്റർ പരിശോധിച്ചതിൽ കുടിശ്ശികയായി 67032/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. വാടക രജിസ്റ്ററിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

2019-20 സാമ്പത്തിക വർഷത്തിൽ 11/484 E നമ്പർ കെട്ടിടം ശ്രീമതി ഷൈജ [W/O.ഷാജിഷ്, വസന്തവിഹാർ, മണ്ണൂർ (പി.ഒ) എന്നവർക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഈ കലയളവിൽ വാടക ഇനത്തിൽ പഞ്ചായത്തിൽ അടവാക്കേണ്ട 67032/- രൂപ നാളിതുവരെയും അടവാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 11/484 E നമ്പർ കെട്ടിടത്തിന് വാടക ഡെപ്പോസിറ്റ് അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടത്തിന് ഡെപ്പോസിറ്റ് ഈടാക്കാത്തതിനാൽ വാടക കുടിശ്ശിക ഡെപ്പോസിറ്റ് തുകയിൽ നിന്ന് ഈടാക്കാനും സാധിക്കില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഇതേ പരാമർശത്തിന് നല്കിയ മറുപടിയിൽ തുക അടവാക്കാനുള്ള RR നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട് എന്നാൽ പിന്നീട് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/2022-23 തിയതി. 19.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ബൈലോ പ്രകാരം വാടക കരാർ തയ്യാറാക്കേണ്ടതും വാടക ഡെപ്പോസിറ്റ് ഈടാക്കേണ്ടതുമാണ്. 67032/- രൂപ ജി. എസ്. ടി, പിഴ പലിശ എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ജങ്കാർ സർവ്വീസ് - കിസ്ത തുക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

ജങ്കാർ സർവ്വീസ് നടത്തുന്നതിനായി 17.01.2020 നടന്ന ലേലത്തിൽ ശ്രീ.എം.അബ്ദുൾ ഗഫൂർ, കൊച്ചിൻ സർവീസ്, ഫോർട്ട് കൊച്ചി എന്നവർക്ക് ലേലം ഉറപ്പിക്കുകയും പഞ്ചായത്തുമായി കരാർ (നമ്പർ. 19/19-20, തിയതി. 01/02/2020) വച്ച് 01/02/2020 മുതൽ 31/01/2025 വരെ (5 വർഷത്തേക്ക്) ജങ്കാർ സർവീസ് നടത്തുന്നതിന് അനുമതി ലഭിക്കുകയും ചെയ്തു. കരാർ നിബന്ധന പ്രകാരം കിസ്ത തുക പ്രതിമാസം 38000/- (മുപ്പത്തി എണ്ണായിരം) രൂപയായി നിശ്ചയിച്ചു. കിസ്ത തുക എല്ലാ മാസവും 5-ാം തീയതിക്കുള്ളിൽ പഞ്ചായത്തിന് നൽകേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം പ്രതിമാസം 2 ശതമാനം പിഴപ്പലിശ പഞ്ചായത്ത് ഈടാക്കേണ്ടതാണ്.

ഫയൽ പരിശോധിച്ചതിൽ 2022-23 വർഷം 5 മാസത്തെ കിസ്ത തുക അടവാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കിസ്ത തുക | അടവാക്കിയ തുക | അടവാക്കാനുള്ള തുക |
|---|---|---|
| 456,000 | 266,000 | 190,000 |

2022 നവംബർ, ഡിസംബർ മാസങ്ങളിലെ കിസ്ത തുക 76,000 രൂപ 23.05.2023 ന് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ജനവരി മുതൽ 3 മാസത്തെ കിസ്ത തുക 114000/- രൂപ പിഴ പലിശ ഉൾപ്പെടെ ഈടാക്കാൻ നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2022-23 തീയതി. 18.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 3 മാസത്തെ കിസ്ത തുക 114000/- രൂപ, പിഴ പലിശ എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 രസീതി പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ വൈകി അടവാക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ രസീതി വരവ് പരിശോധിച്ചതിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വെറ്ററിനറി സർജന് വിതരണം ചെയ്ത രശീതി ബുക്ക് നമ്പർ 19944 സീരിയൽ നമ്പർ. 41 മുതൽ 81 വരെ 21/02/2023 ന് പിരിച്ചെടുത്ത തുകയും, സീരിയൽ നമ്പർ. 82 മുതൽ 100 വരെ 03/03/2023 ന് പിരിച്ചെടുത്ത തുകയും ചേർത്ത് 83700/- രൂപ പഞ്ചായത്തിൽ അടവാക്കിയത് 15/03/2023 (രസീത് നം. 1220107078) തിയതിയിലാണ്. ഉണഭോക്ത വിഹിതം പിരിച്ചെടുത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കാതെ സൂക്ഷിച്ചതിന് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 34/2022-23 തിയതി. 20.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഭാവിയിൽ രശീതി പ്രകാരം പിരിച്ചെടുത്ത തുക അന്നു തന്നെയോ തൊട്ടടുത്ത ദിവസമോ പഞ്ചായത്തിലടവാക്കാണ്ടേതാണ്.

1-14 തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽ, വ്യപാരം, വ്യവസായം, മറ്റ് വരുമാന മാർഗ്ഗങ്ങളിൽ ഏർപ്പെടുന്നവർ എന്നിവർ ഉൾപ്പെടെ തൊഴിൽനികുതി ഒടുക്കാൻ ബാധ്യതപ്പെട്ടവർ മുഴുവൻ നികുതി പരിധിക്കുള്ളിൽ വന്നുവെന്ന് സ്ഥാപനം ഉറപ്പ് വരുത്തിയിട്ടില്ല. തൊഴിൽനികുതി ഡിമാന്റ് ചെയ്യുന്നതിലുള്ള നടപടിക്രമങ്ങളിലെ വീഴ്ച ഇത് വ്യക്തമാക്കുന്നു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്ത് വരുമാനം ആർജ്ജിച്ചിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽനികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ 119 സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന മേധാവികൾ സമർപ്പിക്കുകയും

തൊഴിൽനികുതി പഞ്ചായത്തിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചതായി കാണുന്നില്ല.

1. റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈ ടാക്കിയിട്ടില്ല

2022-23 വർഷത്തിൽ താഴെ പറയുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല

| |
|---|
| എ.ആർ.ഡി. നം. 252 |
| എ.ആർ.ഡി. നം. 253 |
| എ.ആർ.ഡി. നം. 254 |
| എ.ആർ.ഡി. നം. 255 |
| എ.ആർ.ഡി. നം. 256 |
| എ.ആർ.ഡി. നം. 257 |
| എ.ആർ.ഡി. നം. 258 |
| എ.ആർ.ഡി. നം. 259 |
| എ.ആർ.ഡി. നം. 260 |
| എ.ആർ.ഡി. നം. 261 |
| എ.ആർ.ഡി. നം. 262 |
| എ.ആർ.ഡി. നം. 263 |
| എ.ആർ.ഡി. നം. 278 |
| എ.ആർ.ഡി. നം. 347 |

ജീവനക്കാരുടെ വരുമാനം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന റിട്ടേൺ സമർപ്പിക്കാൻ ഗ്രാമപഞ്ചായത്ത് ഫോറം ഒന്നിൽ നോട്ടീസ് നല്കുകയോ സ്ഥാപന ഉടമകൾ റിട്ടേൺ പഞ്ചായത്തിൽ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതുകൊണ്ട് തന്നെ ഈ ജീവനക്കാർ തൊഴിൽ നികുതിപരിധിയിൽ നിന്നും ഒഴിവായിപ്പോയിട്ടുണ്ട്. ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2.) മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് |
|---|---|
| 1 | പ്രഭു പി. |
| 2 | സുദർശൻ. എൻ. |
| 3 | മുഹമ്മദ്കുട്ടി. പി. |
| 4 | ബിച്ചിക്കോയ എൻ.കെ. |
| 5 | ഹസൻകോയ പി. |
| 6 | ബിജു. കെ. സി. |
| 7 | അരുൺ കുമാർ വി. |
| 8 | മനോജ്. കെ. |

| | |
|---|---|
| 9 | റഫീഖ് റഹ്മാൻ ടി.പി |
| 10 | ഹരീഷ് കെ. എൻ. |
| 11 | ഗണേശൻ. എൻ |
| 12 | ബാബു. എ. കെ. |
| 13 | ദിലീപ് കുമാർ പി. എം. |
| 14 | ജിജിൽ. ഇ |
| 15 | സദറ്റ്. എം. |

ഓഡിറ്റ് കാലയളവിൽ മറ്റേതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽനികുതി അടച്ചതിന്റെ രേഖ ഹാജരാക്കിയിട്ടില്ലാത്ത എല്ലാ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ മേൽ സ്ഥാപനങ്ങൾ, മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ എല്ലാ കരാറുകാർ, റേഷൻ കടകൾ എന്നിവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കാൻ ആവശ്യപ്പെട്ടിട്ടും നാളിതുവരെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിൽ കരാറുകാരെയും, റേഷൻ കടകളെയും ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/2022-23 തിയതി. 20.10.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഇാടാക്കാനുള്ള തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഗുണഭോക്താക്കൾ മരണപ്പെട്ടതിനു ശേഷവും പെൻഷൻ വിതരണം ചെയ്തു

വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

പഞ്ചായത്ത് പരിധിയ്ക്ക് പുറത്ത് വച്ച് മരണപ്പെട്ടവരുടേയോ, പുനർ വിവാഹം നടത്തിയവരുടെയോ, മറ്റ് കാരണങ്ങളാൽ പെൻഷനിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടവരുടേയോ വിവരങ്ങൾ അറിയുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിൽ ഇല്ല. സെക്രട്ടറി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും മരണപ്പെട്ടവരെ സസ്പെന്റ് ചെയ്യുന്നതുവരെയുള്ള ദിവസങ്ങളിൽ പെൻഷൻ മരണപ്പെട്ട വ്യക്തിയുടെ അക്കൗണ്ടിലേക്ക് പോവുന്നതാണ്. അതിനാൽ അനർഹരായവർക്ക് പെൻഷൻ നൽകിക്കൊണ്ടിരിക്കുന്നതിനുള്ള സാധ്യത നിലനിൽക്കുന്നു.

മരണപ്പെട്ട പലരുടെയും പെൻഷൻ നിലവിലും സസ്പെൻഡ് ചെയ്യാത്തതിനാൽ പെൻഷൻ ഇപ്പോഴും നൽകിക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ അനർഹമായ കാലത്തേക്ക് പെൻഷൻ അനുവദിച്ചതിന്റെ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐഡി | മരണപ്പെട്ട ആളുടെ പേര് | മരണ തീയതി | പെൻഷൻ ഇനം | പ്രതിമാസ പെൻഷൻ തുക | മരണപ്പെട്ട ശേഷം അനർഹ മായി അനുവദിച്ചതുക, കാലയളവ് |
|---|---|---|---|---|---|
| 110650600863 | കല്യാണി.പി | 06.02.2023 | വിധവ പെൻഷൻ | 1600 | മാർച്ച്2023 – 1600<br>ഏപ്രിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | 2023 – 1600<br>മെയ്2023 – 1600<br>ജൂൺ2023 – 1600 |
| 110650201306 | ഉസ്മാൻകോയ.കെ | 05.03.2023 | വാർദ്ധക്യ കാല പെൻഷൻ | 1600 | ഏപ്രിൽ 2023 – 1600<br>മെയ്2023 – 1600<br>ജൂൺ2023 – 1600 |
| 110650200483 | മുഹമ്മദ് | 19.03.2023 | വാർദ്ധക്യകാല പെൻഷൻ | 1600 | ഏപ്രിൽ 2023 – 1600<br>മെയ്2023 – 1600<br>ജൂൺ2023 – 1600 |

ഡെത്ത് റിപ്പോർട്ട്, ILGMS ഫയലുകൾ, സേവന പെൻഷൻ എന്നിവ പരിശോധിച്ചപ്പോൾ മരണപ്പെട്ട പലരുടെയും സ്റ്റാറ്റസ് ആക്ടീവായി തന്നെയാണ് സേവന പെൻഷനിൽ തുടരുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെൻഷൻ ഐഡി | മരണപ്പെട്ട ആളുടെ പേര് | മരണ തീയതി | പെൻഷൻ ഇനം | സേവന സ്റ്റാറ്റസ് |
|---|---|---|---|---|
| 110650600911 | കദീശാബി | 22.02.2023 | വിധവ പെൻഷൻ | ആക്ടീവ് |
| 11065020384 | കുട്ടികൃഷ്ണൻ.വി | 26.12.2022 | വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് |

ജി.ഒ(എം.എസ്)നം.97/2020/ധന തീ. 23-09-2020 പ്രകാരം മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. അതിനാൽ പഞ്ചായത്തിൽ നിലവിൽ പെൻഷൻ നൽകിക്കൊണ്ടിരിക്കുന്ന മുഴുവൻ ഗുണഭോക്താക്കളുടെയും വിവരം വാർഡ് മെമ്പർമാരെയും അങ്കണവാടി ജീവനക്കാരെയും ആശാവർക്കർമാരെയും ഉപയോഗപ്പെടുത്തി ശേഖരിക്കേണ്ടതും മരണപ്പെട്ടവർക്കും അനർഹർക്കും പെൻഷൻ നൽകുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർന്നുള്ള എല്ലാ മാസങ്ങളിലും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം അങ്കണവാടി/ആശാവർക്കർമാർ എന്നിവർ മുഖാന്തിരം മരണപ്പെട്ടവരുടെ/ അനർഹരുടേയും വിവരങ്ങൾ ശേഖരിച്ച് അതാത് മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികമായി നൽകിയ തുക തിരിച്ചടയ്ക്കാൻ വ്യക്തികൾക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ കത്ത് നൽകേണ്ടതും തുക തിരിച്ചടയ്ക്കപ്പെട്ടുവെന്ന് ഉറപ്പ്

വരുത്തേണ്ടതുമാണ്. അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ അനർഹമായി കൈപ്പറ്റിയ തുക സർക്കാരിലേക്ക് അടവാക്കി വിവരം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്നും സേവനയിൽ സ്റ്റാറ്റസ് സസ്പെൻറ്ഡ് ആക്കി മാറ്റിയതായും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-16 കോട്ടക്കുന്ന് അംഗൻവാടി നിർമ്മാണം -ബ്ലോക്ക് വിഹിതം നഷ്ടമായതും, മറ്റപാകതകയും

നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് നം.: 78/23 കോട്ടക്കുന്ന് അങ്കണവാടി കെട്ടിട നിർമ്മാണം

അടങ്കൽ (ഓഡിറ്റ് വർഷം) : 16,88,795/-(150000/- തനതുഫണ്ട്, 1538795/-)

2020-21 ൽ രൂപീകരിച്ച ഈ പദ്ധതിയുടെ ആകെ അടങ്കൽ 21,00,000/- രൂപയായിരുന്നു (150000/-തനതുഫണ്ട്, 1950000/-ബ്ലോക്ക്പഞ്ചായത്ത് വിഹിതം). 2021-22 വർഷത്തിൽ ബ്ലോക്ക് വിഹിതമായി 13,00,000/- രൂപ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിരുന്നു. ഇതിൽ 4,11,205/-രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചത്. പദ്ധതി ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിയുടെ നിർവ്വഹണം താഴെ ചേർക്കും പ്രകാരമാണെന്ന് വ്യക്തമാകുന്നു.

- മനോജ് എന്ന കരാറുകാരനുമായി 8.3.21 ൽ കരാറിലേർപ്പെട്ട ശേഷം അളവു പുസ്തക പ്രകാരം 1.6.21 ന് പ്രവൃത്തി ആരംഭിക്കുകയും, 24.11.21 ന് ലഭ്യമായ ബ്ലോക്ക് വിഹിതത്തിൽ നിന്നും 4,11,205/-രൂപ പാർട്ട് ബില്ലായി നൽകുകയും ചെയ്തു(അളവു പുസ്തകം 6/19-20).
- 19.1.22 ലെ ഭരണസമിതി തീരുമാനം 1(6) പ്രകാരം ഈ നിർമ്മാണത്തിന്റെ കാലാവധി പിഴകൂടാതെ 7.3.22 വരെ നീട്ടി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സാങ്കേതികാനുമതി സ്ലിപ്പ് പ്രകാരം ആറുമാസമായിരുന്നു പൂർത്തീകരണ കാലാവധി.
- അളവു പുസ്തകം 260/21-22 പേജ് 41 ൽ 19.3.22 വരെ നടന്ന പ്രവൃത്തികൾ രേഖപ്പെടുത്തി 9,92,156/-രൂപയുടെ സെക്കന്റ് പാർട്ട് ബിൽ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ഈ തുക നൽകിയതായി കാണുന്നില്ല.
- 21.3.22 ലെ ഭരണസമിതി തീരുമാനം 1(10) പ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. തുടർന്ന് അളവു പുസ്തകം 260/21-22 പേജ് 42 മുതൽ 47 വരെയുള്ള പേജുകളിൽ എക്സ്ട്രായിനമായി ഉൾപ്പെടുത്തിയ അഞ്ചിനങ്ങളുടേയും, എസ്റ്റിമേറ്റിലെ ഇനം 14, 15 എന്നിവയുടേയും അളവുകൾ രേഖപ്പെടുത്തി. ശേഷം ഫൈനൽ ബിൽ കണക്കാക്കി.

അളവുപുസ്തകത്തിൽ കണക്കാക്കിയ സെക്കന്റ് പാർട്ട് ബിൽ ട്രഷറിയിൽ നൽകിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തിയുടെ ബാക്കി നിർവ്വഹണം നടന്നിരിക്കുന്നത് 2022-23 കാലഘട്ടത്തിലാണ്. ഫയലിൽ ലഭ്യമായ ബിൽ കോപ്പികൾ പരിശോധിച്ചതിൽ 97,846/-രൂപ(വൗച്ചർ നം.22200391/ 31.8.22) തനതുഫണ്ടിൽ നിന്നും മേൽ പ്രോജക്ട പ്രകാരം 2022-23 ൽ നൽകുകയും, ബാക്കി 11,00,000/-രൂപ പ്രോജക്ട് നമ്പർ 246/23 ആയി പുതിയ പദ്ധതി രൂപീകരിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും നൽകിയതായും കാണുന്നു(ബിൽ നം.114/22.9.22-1 0,59,000/-, 200/8.12.22 – 41,000/-). ഇത്തരത്തിൽ പുതിയ പ്രോജക്ട് രൂപീകരിക്കാനുണ്ടായ സാഹചര്യത്തെ കുറിച്ച് ആരാഞ്ഞതിൽ, മുൻവർഷത്തിൽ ലഭിച്ച ബ്ലോക്ക് വിഹിതമടങ്ങുന്ന തുക 31.3.2022 ന് സർക്കാരിലേയ്ക്ക് തിരിച്ചെടുക്കപ്പെട്ടെന്നും, തുടർന്ന് പ്രസ്തുത തുക തിരികെ ലഭ്യമാകാതിരുന്നതിനാലാണ് ഇപ്രകാരം ചെയ്തതെന്നും വാക്കാൽ അറിയിച്ചു. 2021-22

വർഷത്തിൽ ബ്ലോക്ക് വിഹിതമിനത്തിൽ ലഭിച്ച 13,00,000/-രൂപയിൽ 4,11,205/-രൂപ മാത്രമാണ് നിലവിൽ ഉപയോഗപ്പെടുത്തിയത്. ബാക്കി 8,88,795/-രൂപ യഥാസമയം ബിൽ തയ്യാറാക്കി നൽകാതിരുന്നതിനാൽ നഷ്ടപ്പെട്ടു. ഈ തുക സർക്കാരിൽ നിന്നും തിരികെ ലഭ്യമാക്കാൻ നടപടികളെടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും, യഥാസമയം ബിൽ നൽകിയിട്ടും മറ്റെന്തെങ്കിലും സാങ്കേതിക കാരണത്താലാണ് തുക നൽകാൻ സാധിക്കാതിരുന്നതെങ്കിൽ ആയതു സംബന്ധിച്ച വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രവൃത്തിയുടെ അളവുപുസ്തകം 221/20-21 പേജ് 3, 10 എന്നിവയിൽ പ്ലിന്ത് ബീം, ലിന്റൽ എന്നിവയ്ക്കായി ഉപയോഗിച്ച 10mm, 8mm സ്റ്റീൽ കമ്പികളുടെ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ കാൽക്കുലേഷനിൽ രണ്ടിനം കമ്പികൾക്കും കോയിഫിഷ്യന്റ് ആയി രേഖപ്പെടുത്തിയത് ഒരേ തുകയാണെന്ന് കാണുന്നു(0.617). ഇതേ അളവു പുസ്തകത്തിൽ തുടർന്നുള്ള നിർമ്മാണങ്ങളിൽ 8mm കമ്പിയുപയോഗിച്ചിടത്തെല്ലാം കോയിഫിഷ്യന്റായി ഉൾപ്പെടുത്തിയത് 0.395 ആണ്. പ്ലിന്ത് ബീം, ലിന്റൽ എന്നിവയുടെ കാൽക്കുലേഷനിൽ ഇപ്രകാരം 0.617 ഉൾപ്പെടുത്തിയത് വിശദീകരിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണവും, ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതകൾ വിശദീകരിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. തെറ്റായി കോയിഫിഷ്യന്റ് കണക്കാക്കിയതിനാലുണ്ടായ അധിക ചെലവ് തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-17 മഠത്തിൽപടി സ്രാമ്പ്യ റോഡ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നമ്പർ 80/23 ആയി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ 105 മീറ്റർ നീളത്തിൽ ഡ്രൈനേജ് നിർമ്മാണവും(ഇരുഭാഗവും കരിങ്കൽ ഭിത്തി കെട്ടി), അതേ നീളത്തിലുള്ള റോഡിന്റെ എംബാങ്ക്മെന്റ് നിർമ്മാണവും, അതിനു മുകളിൽ 10cm കനത്തിൽ ക്വാറിമക്ക് ഫിൽ ചെയ്യുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. ഡ്രൈനേജിനായി 60cm വീതിയിൽ 30cm ആഴത്തിൽ മണ്ണെടുക്കുന്നതിനുള്ള പ്രൊവിഷനാണ് നൽകിയിരുന്നതെങ്കിലും, അളവുപുസ്തക പ്രകാരം 1.5 മീറ്റർ വീതിയിൽ 30cm ആഴത്തിൽ മണ്ണെടുക്കുകയാണ് ചെയ്തത്. തുടർന്ന് 1.5 മീറ്റർ വീതിയിലും കരിങ്കൽ പാകി. അതിനുമുകളിൽ ഇരു ഭാഗത്തായി കരിങ്കൽ ഭിത്തി നിർമ്മിച്ചു. ഓഡിറ്റ് വർഷം ഈ പദ്ധതിയ്ക്കായി 37885/-രൂപയാണ് ചെലവഴിച്ചത്(ബിൽ നം. 23/30.5.22). നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

- മേൽ വിവരിച്ച പ്രകാരം കരിങ്കൽ പാകുന്നതിനും, ഭിത്തി നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഒരിനം തന്നെയാണ് ഉപയോഗപ്പെടുത്തിയത്.(എസ്റ്റിമേറ്റിൽ OD ആയിട്ടാണ് ഇനം ഉൾപ്പെടുത്തിയത്. പരിശോധിച്ചതിൽ ഇനം 60.7.1 ന്റെ നിരക്കാണെന്ന് കാണുന്നു) കരിങ്കൽ പാകുന്നതിന് താരതമ്യേന കുറഞ്ഞ നിരക്കുള്ള ഇനം (DR Packing-60.7.2) ലഭ്യമായിരിക്കെ ആയത് ഉപയോഗപ്പെടുത്താതെ രണ്ട് പ്രവൃത്തിയ്ക്കും ഒരേയിനം ഉപയോഗപ്പെടുത്തിയതെന്തുകൊണ്ടെന്ന് വ്യക്തമല്ല. പാക്കിംഗിനുള്ള ഇനം ഉൾപ്പെടുത്താത്തതിനാൽ താഴെ ചേർക്കുംവിധം അധിക ചെലവുണ്ടായിട്ടുണ്ട്.

| ചെയ്ത അളവ്/നൽകിയ തുക | 60.7.2 എന്ന ഇനം ഉൾപ്പെടുത്തിയിരുന്നെങ്കിൽ വരുമായിരുന്ന ചെലവ്(Costindex -31.06%) |
|---|---|
| 23.985$m^3$ X2620.47=62851.97 | 23.985$m^3$ X2018.26 =48407.97 |
| അധിക ചെലവ് - 14444/- | |

- അളവ് പുസ്തകം 222/21-22 പ്രകാരം ഐറ്റം 3.5.1 ൽ ഉൾപ്പെടുത്തി 60.465$m^3$ മണ്ണ് ഡ്രൈൻ നിർമ്മാണത്തിനായി കുഴിച്ചെടുത്തിട്ടുണ്ട്. ഡ്രൈൻ നിർമ്മാണത്തെ തുടർന്ന് ചേർന്നുള്ള റോഡിന്റെ എംബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്തിയില്ല. അളവ് പുസ്തക പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണം നടന്നത് 43.303$m^3$ അളവിലാണ്. നിർമ്മാണത്തിനാവശ്യമായ മണ്ണ് ഇവിടെ തന്നെ ലഭ്യമായിട്ടും ആയത് ഉപയോഗപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല. എംബാങ്ക്മെന്റ് നിർമ്മാണത്തിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം 3.4 ആണ്. ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചാൽ 1 $M^3$ നിർമ്മാണത്തിനാവശ്യമായ 266.51 രൂപയിൽ (CPOH, Cost Index ഉൾപ്പെടുത്താതെ) 209.51 രൂപയും മണ്ണിന്റെ വിലയും, മണ്ണ് ലോഡിംഗ്/അൺലോഡിംഗ് ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തിയിൽ ആവശ്യമായ മണ്ണ് സൈറ്റിൽ തന്നെ ലഭ്യമായിരുന്നതിനാൽ (കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗക്ഷമമല്ലാത്തത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലൊന്നും അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല) ഈ പ്രവൃത്തിയ്ക്ക് CPOH, Cost Index ഉൾപ്പെടെ 90.39/-രൂപ നിരക്കേ ആവശ്യമായി വരുന്നുള്ളൂ. ഈ വിധം 43.303$m^3$ അളവ് പ്രവൃത്തിയ്ക്ക് ഏകദേശം 2468.27/-രൂപ മാത്രം വേണ്ടിടത്താണ് ഈയിനത്തിന് 409.01 രൂപ നിരക്കിൽ 17711.36/-രൂപ ചെലവഴിച്ചത്. ഇപ്രകാരം 15,243/-രൂപ അനാവശ്യമായി ചെലവഴിച്ചു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച രീതിയിൽ തെറ്റായ ഇനത്തിലുൾപ്പെടുത്തി അളവ് രേഖപ്പെടുത്തിയതിനാലും, ലഭ്യമായ മണ്ണ് പ്രവൃത്തിയ്ക്ക് ഉപയോഗപ്പെടുത്താതിരുന്നതിനാലും ഉണ്ടായ അധിക ചെലവ് തുക ആകെ 29687/-രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-18 പഴയ നിർമ്മിതിയുടെ സംരക്ഷണത്തിന് പുതിയ നിർമ്മിതിയ്ക്കുള്ള പെയിന്റിംഗ് ഇനം ഉപയോഗപ്പെടുത്തി

പ്രോജക്ട് നം.: 68/23

അടങ്കൽ : 7,38,580/- വികസനഫണ്ട് ജനറൽ

ചെലവ് : 6,51,919/-ബിൽ നം.304/8.2.23

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ കൃഷിഭവൻ നവീകരണം എന്ന മേൽ പദ്ധതിയിൽ കോമ്പൗണ്ട് വാൾ നിർമ്മാണം, കെട്ടിടത്തിന്റെ പഴകിയ/പൊട്ടിപൊളിഞ്ഞ സീലിംഗ് പ്ലാസ്റ്റർ ഒഴിവാക്കി പുതിയ പ്ലാസ്റ്റർ നൽകാനും, പെയിന്റിംഗും, മറ്റനുബന്ധ പ്രവൃത്തികളുമാണ് വിഭാവനം ചെയ്തത്. എസ്റ്റിമേറ്റിൽ പെയിന്റിംഗിനായി ഉൾപ്പെടുത്തിയത് DARലെ 13.60.1 എന്ന ഇനമാണ്. ഈയിനത്തിന്റെ വിവരണം പരിശോധിച്ചാൽ പുതിയ നിർമ്മിതിയിൽ രണ്ടോ അതിൽ കൂടുതൽ കോട്ട് അക്രിലിക് എമൽഷൻ പെയിന്റിംഗ് ചെയ്യുന്നതിനുള്ളതാണെന്ന് വ്യക്തമാണ്. പ്രവൃത്തിയുടെ അളവുപുസ്തകം പരിശോധിച്ചതിൽ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം നടത്തിയ റീ പ്ലാസ്റ്ററിംഗ് ഏരിയയിലും, പുതുതായി നിർമ്മിച്ച കോമ്പൗണ്ട് വാളിനും പുറമേ നിലവിലുള്ള കെട്ടിടത്തിന്റെ റീപെയിന്റിംഗിനും ഇതേയിനം ഉപയോഗപ്പെടുത്തിയതായി കാണുന്നു. നിലവിലുള്ള കെട്ടിടത്തിന്റെ പെയിന്റിംഗിന് കൂടിയ അളവിൽ പെയിന്റ് ഉപയോഗപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച രീതിയിൽ പഴയ നിർമ്മിതിയ്ക്കു മുകളിൽ മേൽ ഇനം ഉൾപ്പെടുത്തിയതിനാൽ പഞ്ചായത്തിന് അധികചെലവുണ്ടാകാൻ സാധ്യതയുണ്ട്. ആയത് പരിശോധിച്ച് അധികമായി തുക നൽകിയ സാഹചര്യമുണ്ടായിട്ടുണ്ടെങ്കിൽ ആയത് കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## 1-19 പ്ലിന്ത് ലെവലിനുള്ള നിർമ്മാണത്തിന് സൂപ്പർ സ്ട്രച്ചറിനുള്ള ഇനം നൽകിയതിനാൽ അധിക ചെലവ്

നിർവ്വഹണം :അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : 156/23 ആയുർവേദ ഡിസ്പെൻസറി മെയിന്റനൻസ്

അടങ്കൽ : 3,00,000/- സംരക്ഷണ ഗ്രാന്റ് റോഡിതരം

ചെലവ് : 2,61,847/-ബിൽ നം.570/29.3.23

ആയുർവേദ ഡിസ്പെൻസെറിയുടെ കോമ്പൗണ്ട് വാൾ നിർമ്മാണമാണ് ഈ പ്രവൃത്തിയിൽ പ്രധാനമായും ഉൾപ്പെട്ടത്. നിലവിലുള്ള കെട്ട് പൊളിച്ച് മാറ്റി, മണ്ണെടുത്ത് ഡി.ആർ. ഫൗണ്ടേഷനും, ആർ.ആർ. തറയും നൽകി അതിനുമുകളിൽ ലാറ്ററേറ്റ് നിർമ്മാണമാണ് എസ്റ്റിമേറ്റിലുള്ളത്. ആർ.ആർ. മേസൻറിയ്ക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഇനം 7.2.1 ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ അഞ്ചാംനില വരെയുള്ള പ്ലിന്തിനു മുകളിലെ സൂപ്പർസ്ട്രക്ച്ചറിന്റെ നിർമ്മാണത്തിനുള്ളതാണെന്ന് വ്യക്തമാകുന്നു. ഇ.എം ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചാൽ ഡി.ആർ ഫൗണ്ടേഷനു മുകളിൽ ശരാശരി 30cm മുതൽ 40cm വരെ ഉയരത്തിലുള്ള നിർമ്മാണമാണ് നടന്നിട്ടുള്ളത്. അതായത് പ്ലിന്ത് നിർമ്മാണം. ഈ പ്രവൃത്തിയ്ക്ക് ഐറ്റം 7.1.1 ഉപയോഗപ്പെടുത്താതെ 7.2.1 ഉപയോഗപ്പെടുത്തിയതെന്തെന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ ഉണ്ടായ അധിക ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| നൽകിയ തുക<br>ഐറ്റം 7.2.1 (കോസ്റ്റ് ഇൻഡക്സ് - 36.44%) | നൽകേണ്ട തുക<br>ഐറ്റം 7.1.1 |
|---|---|
| 7.206m$^3$ X 8944.13 = 64451.4 | 7.206m$^3$ X 7249.94 = 52243.07 |
| അധിക ചെലവ് - 12208.33/- | |

മുകളിൽ വിവരിച്ച രീതിയിൽ അധികമായി ചെലവഴിച്ച തുക തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 1-20 കോൺക്രീറ്റ് പേവിംഗ് - ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികളിലും ഫോംവർക്കിന് തുക ഉൾപ്പെടുത്തുന്നു

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ റോഡ്/ഫുട്പാത്ത് നിർമ്മാണങ്ങളിൽ കോൺക്രീറ്റ് നടത്തിയപ്പോൾ ഫോം വർക്ക് ആവശ്യമില്ലാതിരുന്ന/ഫോം വർക്ക് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിലും 4% തുക ഫോം വർക്കിനായി ഉൾപ്പെടുത്തുകയും കരാറുകാർക്ക് അനുവദിക്കുകയും ചെയ്തിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് പേര്/നമ്പർ | ഉൾപ്പെടുത്തിയ ഇനം/നിരക്ക് | ചെയ്ത അളവ്/നൽകിയ തുക | ഫോം വർക്ക് തുക ഒഴിവാക്കി നൽകാവുന്ന തുക | 4% അധിക തുക |
|---|---|---|---|---|---|
| 1 | സ്നേഹതീരം | 75.8.1, | 50.436m$^3$ X | 50.436m$^3$ X | 16213.16 |

| | | | | | |
|---|---|---|---|---|---|
| | അങ്കണവാടി ഫുട്പാത്ത്, 240/23 | ഫുട്പാത്ത് കോൺക്രീറ്റ് 8358.3 | 8358= 421544.09 | 8036.54= 405330.93 | |
| 2 | ശ്രീപുരി റോഡ് സൈഡ് കോൺക്രീറ്റ്, 241/23 | 75.8.1, ഡ്രൈനിന്റെ ഇരുവശവും കോൺക്രീറ്റ് 8358.3 | 89.057$m^3$ X6800=605587.6 | 89.057$m^3$ X6538.46= 582295.63 | 23291.97 |

ഓഡിറ്റിന്റെ ഭാഗമായി 19.10.23 ന് നടത്തിയ സൈറ്റ് പരിശോധനയിൽ മേൽ റോഡ് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സന്ദർശിക്കുകയുണ്ടായി. നേരിൽ പരിശോധനയിൽ ഈ പ്രവൃത്തികളിൽ രണ്ടിലും കോൺക്രീറ്റിനായി ഫോംവർക്ക് ചെയ്യേണ്ടി വന്നിട്ടില്ല എന്ന ബോധ്യപ്പെട്ടു. രണ്ടാമത്തെ പ്രവൃത്തിയിൽ കെർബിന്റെ നിർമ്മാണത്തിനായി ഉപയോഗിച്ച 4.588$m^3$ കോൺക്രീറ്റിനൊഴികെ ബാക്കി 89.057$m^3$ അളവ് കോൺക്രീറ്റിനും ഫോംവർക്ക് വേണ്ടി വന്നിട്ടില്ല. റോഡുകൾ ലഭ്യമായ മുഴുവൻ വീതിയിലും കോൺക്രീറ്റ് ചെയ്യുകയാണുണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിലും ഫോംവർക്കിനായി 4% വരുന്ന തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താനുണ്ടായ സാഹചര്യം വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അധികചെലവുണ്ടായത് കരാറുകാരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്. പഞ്ചായത്തിൽ നടത്തിയ റോഡ് കോൺക്രീറ്റുകളിലെല്ലാം ഈ വിധമുള്ള അധിക ചെലവുണ്ടായിരിക്കാൻ സാധ്യതയുണ്ട്. രണ്ട് പ്രവൃത്തികളിൽ മാത്രം ഉണ്ടായിട്ടുള്ള മുകളിൽ വിവരിച്ച പ്രകാരമുള്ള അധിക ചെലവ് പഞ്ചായത്തിന് ആ വർഷം ഇത്തരം പ്രവൃത്തികളിൽ ഉണ്ടാകാനിടയുള്ള നഷ്ടത്തിന്റെ തോത് വലുതായിരിക്കുമെന്ന് കാണിക്കുന്നു. ഈ വിഷയത്തിൽ ഭരണസമിതിയുടേയും, മോണിറ്ററിംഗ് കമ്മിറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു. ഈയിനത്തിൽ അധികം അനുവദിച്ച തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-21 ഡ്രൈനേജ് പ്രവൃത്തികളിൽ ഏകീകൃത സ്വഭാവമില്ലാത്തതും, മറ്റപാകതകളും

ഓഡിറ്റ് വർഷം കോൺക്രീറ്റ് ഡ്രൈനേജുകളുടെ നിർമ്മാണത്തിനായി നിരവധി പദ്ധതികളാണ് രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചതിൽ ഒരേതരം നിർമ്മാണങ്ങൾക്ക് വ്യത്യസ്ത രീതികൾ അവലംബിക്കുന്നതായും, ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയ്ക്ക് ഫോംവർക്കിന്റെ നിരക്കുൾപ്പെടുത്തി ഇനം ഉൾപ്പെടുത്തുന്നതും, യഥാർത്ഥത്തിൽ ആവശ്യമായതിലും കൂടുതൽ സ്പെസിഫിക്കേഷനിലുള്ള കോൺക്രീറ്റ് ഇനം ഉൾപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടു. വിശദവിവരം ചുവടെ കൊടുക്കുന്നു.

1. പല ഡ്രൈനേജുകളുടെയും നിർമ്മാണത്തിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ ഇവയാണ്. മണ്ണ് പ്രവൃത്തി - 3.5.1, ഡ്രൈൻ ബെഡ് - 11.4.1.1, ഡ്രൈൻ സൈഡ് വാൾ - 11.4.2.1, ബെഡിന്റെ മുകളിൽ - 75.8.1.1A, കവറിംഗ് സ്ലാബ് - 12.5.4, 12.5.3 എന്നിവയാണ്. ഉദാ: പ്രോ.നം.63/23, 190/23, 223/23. എന്നാൽ മറ്റു ചില ഡ്രൈനേജ് നിർമ്മാണങ്ങളിൽ കോൺക്രീറ്റ് ബെഡിന്റെ മുകളിൽ വെയറിംഗ് കോട്ട് നൽകുന്ന ഇനം ഉൾപ്പെടുത്തിയിട്ടില്ല. ഉദാ: പ്രോ.നം.94/23, 79/23. മേൽ പദ്ധതികളിൽ വ്യത്യസ്ത രീതിയിൽ നിർമ്മാണം നടത്തിയതിന്റെ സാംഗത്യം വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്.

2. ഓഡിറ്റ് വർഷം നടപ്പാക്കിയ വലിയ അടങ്കലിലുള്ള ഒരു പദ്ധതിയാണ് പ്രോജക്ട് നം. 63/23 വിവിധ

വാർഡുകളിലെ ഡ്രൈനേജ് നിർമ്മാണം. 52,72,283/-രൂപ അടങ്കലിൽ 2021-22 വർഷത്തിൽ രൂപീകരിച്ച ഈ പദ്ധതിയ്ക്ക്(പ്രോ.നം.281/22) പ്രസ്തുത വർഷം 15,79,817/-രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. തുടർന്ന് സ്പിൽഓവർ പദ്ധതിയായി 2022-23 വർഷത്തിൽ 21,73,852/-രൂപയും ചെലവഴിച്ചു. ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചതിൽ ഡ്രൈൻ കവറിംഗ് സ്ലാബ് നിർമ്മാണത്തിന് ഉൾപ്പെടുത്തിയത് ഐറ്റം 12.5.4 ആണെന്ന് കാണുന്നു. ഈയിനത്തിന്റെ വിവരണം പരിശോധിച്ചതിൽ Grade M 25 ലുള്ള കോൺക്രീറ്റ് ആണിതെന്ന് വ്യക്തമാകുന്നു. അതായത് ഈ കോൺക്രീറ്റിന് Grade M 20 ന് ആവശ്യമായതിനേക്കാൾ കൂടുതൽ സിമന്റ് ആവശ്യമാണ്. ഓഡിറ്റ് വർഷം ഈ വിധം നിർമ്മിച്ച മുഴവൻ ഡ്രൈനേജുകളുടെ നിർമ്മാണത്തിനും Grade M 20 ലുള്ള ഐറ്റം 12.5.3 ആണ് ഉപയോഗപ്പെടുത്തിയതെന്നിരിക്കെ ഈ നിർമ്മാണത്തിൽ മാത്രം നിരക്ക് കൂടിയ ഇനം ഉൾപ്പെടുത്തിയതെന്തിനെന്ന് വ്യക്തമാക്കേണ്ടതാണ്.

3. മോർഡ് സ്പെസിഫിക്കേഷനിലെ ഇനം 3.5.1 പ്രകാരമുള്ള മൺപണി നടത്തി ചാൽ കീറിയതിനുശേഷം ഇനം 11.4.1.1 പ്രകാരമുള്ള 1:3:6 അനുപാതത്തിലുള്ള PCC (കോൺക്രീറ്റ്) പ്രവൃത്തിയ്ക്കും അതിനുമുകളിലായി ഇനം 75.8.1.1.A പ്രകാരമുള്ള 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് വെയറിംഗ് കോട്ടിനും പ്രൊവിഷൻ വയ്ക്കുകയും ഇത് നിർവ്വഹിച്ച് തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വെയറിംഗ് കോട്ട് ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ 1:4:8 അനുപാതത്തിലുള്ള PCC മതിയെന്നിരിക്കെ കൂടുതൽ ചെലവേറിയ 1:3:6 കോൺക്രീറ്റിംഗ് ഉൾപ്പെടുത്താനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

4. ഡ്രൈനുകളുടെ ബെഡ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തിയിരിക്കുന്നത് ഐറ്റം 11.4.1.1 ആണ്. ഓഡിറ്റ് വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ അളവുപുസ്തകം പരിശോധിച്ചതിൽ ഐറ്റം 3.5.1 പ്രകാരം മണ്ണെടുത്ത അതേ നീളത്തിലും, വീതിയിലുമാണ് ഡ്രൈൻ ബെഡ് കോൺക്രീറ്റ് നടന്നിട്ടുള്ളത് എന്ന് കാണുന്നു. അതുകൊണ്ടു തന്നെ ഈ പ്രവൃത്തികളിലൊന്നും ഫോംവർക്കിന്റെ ആവശ്യകത വേണ്ടി വന്നിട്ടില്ല. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഐറ്റം 11.4.1.1 ന്റെ നിരക്കിൽ ഫോംവർക്കിനായുള്ള 4% തുക കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ മനസ്സിലാകുന്നു. ഫോംവർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയിലും ഫോംവർക്കിനുള്ള നിരക്കുൾപ്പെടുംവിധമുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുന്നതിന്റെ സാഹചര്യം വ്യക്തമല്ല. ഫോംവർക്ക് ഉൾപ്പെടുന്ന വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ തന്നെ ഈ പ്രവൃത്തികൾക്കായി കരാറുകാർ ക്വാട്ട് ചെയ്യുന്ന നിരക്കിലും ഈ 4% ഉൾപ്പെടുന്നുണ്ട്.(വലിയ അടങ്കലിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുന്നതിനാൽ കൂടുതൽ മത്സരക്ഷമതയുണ്ടാകുകയും, കുറഞ്ഞ നിരക്കുകൾ ലഭിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ചെറിയ അടങ്കലിലെ പ്രവൃത്തികൾ മിക്കതും മാനുവൽ ടെണ്ടർ നടത്തുമ്പോൾ എസ്റ്റിമേറ്റ് നിരക്കാണ് ലഭിക്കുന്നത്). ഈ വിധം ഓഡിറ്റ് വർഷം നടത്തിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ പഞ്ചായത്തിനുണ്ടായ അധിക ചെലവിന്റെ വ്യാപ്തി കണക്കാക്കിയത് ശ്രദ്ധിച്ചാലും.

| ക്രമ നം | പ്രോജക്ട് നം./ പേര് | അടങ്കൽ ഫണ്ടിനം/ എസ്റ്റിമേറ്റിലെ നിരക്ക് | കരാറുകാരൻ/കരാർ വിവരം/നിരക്ക് | നൽകിയ തുക | 4%കുറച്ച് നൽകേണ്ട തുക | അധികം നൽകേണ്ടി വന്നത് |
|---|---|---|---|---|---|---|
| 1 | 63/23 വിവിധ വാർഡുകളിലെ ഡ്രൈനേജ് | 5272283 CFC നഗര സഞ്ചയ 7841.67 | സുരേന്ദ്രൻ, 80/21-22/ 14.2.22 5975.35 | 70.166m$^3$x 5975.35= 419266.4 | 70.166m$^3$x 5745.53= 403140.86 | 16125.54 |
| 2 | 190/23 | 1500000 | എ.കെ.ബാബു, | 8.2x6200= | 8.2x | 1955.37 |

| | | | | | | |
|---|---|---|---|---|---|---|
| | സിദ്ദീഖ് കൈതവളപ്പ് ഡ്രൈനേജ് | MG Road 7841.68 | 38/22-23/ 13/1/23 6200 | 50840 | 5961.54= 48884.63 | |
| 3 | 223/23 കൃഷ്ണ യു.പി. സ്കൂൾ സ്റ്റേഡിയം | 200000 Plan General 7841.68 | സുദർശൻ.എൻ,2/ 22-23/7.11.22 6352.7 | 3.656x6352.7= 23225.47 | 3.656x 6108.37= 22332.2 | 893,27 |
| 4 | 94/23 ചുള്ളിപടന്ന അങ്കണവാടി റോഡ് | 1188202 CFC 7841.67 | വള്ളിയാർ LCCS,71A/ 21-22/25.1.22 6300 | 16.272x6300= 102513.6 | 16.272x 6057.69= 98570.73 | 3942.87 |

മേൽ പട്ടികയിൽ ഒന്നാമതായി ഉൾപ്പെടുത്തിയ പ്രവൃത്തിയിൽ കവറിംഗ് സ്ലാബിനായി ഉൾപ്പെടുത്തിയ ഐറ്റം 12.5.4 ന് മറ്റു പ്രവൃത്തികളിൽ ഉൾപ്പെടുത്തിയ 12.5.3 നേക്കാൾ 5.4% നിരക്ക് കൂടുതലാണ്. പ്രസ്തുത പ്രവൃത്തിയ്ക്ക് ഈയിനത്തിൽ മാത്രം ഏകദേശം 38000/-രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്.

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകളിലൊന്നും മേൽ വിവരിച്ച പ്രകാരം ചില പ്രവൃത്തികളിൽ ചില ഇനങ്ങൾ ഒഴിവാക്കുകയും, നിരക്ക് കൂടിയ/ സ്പെസിഫിക്കേഷൻ കൂടിയ ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തതിന്റെ ആവശ്യകതകളൊന്നും വിവരിച്ചിട്ടില്ല. എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി നൽകിയ സമയവും ഇതിനെ സംബന്ധിച്ച് പരാമർശിച്ചതായി കാണുന്നില്ല. മേൽ പരാമർശങ്ങൾക്കുള്ള വിശദീകരണം നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും, സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥനിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.

## 1-22 പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം -മറ്റപാകതകളും

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെലവു നടത്തിയ വിവിധ പ്രവൃത്തികൾ പരിശോധിച്ചതിൽ പല പദ്ധതികളും വർഷങ്ങൾക്കു മുമ്പേ ആരംഭിച്ചതാണെന്ന് മനസ്സിലാകുന്നു. രണ്ടുദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നം./പേര് | 74/23 പാനോളിപ്പാടം ഫുട്പാത്ത് | 77/23 പുളയറുമ്പൻ ഫുട്പാത്ത് |
|---|---|---|
| രൂപീകരിച്ച വർഷം | 2020-21 | 2019-20 |
| കരാറുകാരൻ/ക്വാട്ട് ചെയ്ത നിരക്ക് | മഗിനേഷ്.പി 0.1% കുറവ് | കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി 4.31% കുറവ് |

| | | |
|---|---|---|
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | ആറു മാസം | ആറു മാസം |
| എഗ്രിമെന്റ് വിശദാംശം | 64/20-21/11.2.21 | 26/19-20/12.11.19 |
| അളവ് പുസ്തകം | 228/21-22 | 140/22-23 |
| പ്രവൃത്തി ആരംഭിച്ചത് | 6.1.22 | 4.5.22 |
| പ്രവൃത്തി പൂർത്തീകരിച്ചത് | 28.2.22 | 30.5.22 |

- ആദ്യ പദ്ധതിയ്ക്കായി 11.2.21 ന് കരാറിലേർപ്പെട്ടിട്ടും പ്രവൃത്തി ആരംഭിച്ചത് ഏകദേശം ഒരു വർഷത്തിന് ശേഷമാണ്. 2021-22 വർഷാവസാനം പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും തുക നൽകിയത് 2022-23 ലാണ്. തുക അനുവദിച്ചപ്പോൾ ടെണ്ടർ കുറവ് കുറയ്ക്കുകയോ, പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.
- രണ്ടാമത്തെ പ്രവൃത്തിയ്ക്കായി കരാർ ചമച്ച ശേഷം രണ്ടര വർഷങ്ങൾക്ക ശേഷമാണ് പ്രവൃത്തി ആരംഭിക്കുന്നത്. 2022-23 കാലയളവിൽ ആരംഭിച്ച് പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും(പിഴ കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമല്ല), ടെണ്ടറിൽ കുറവു കുട്ട് ചെയ്തിരുന്ന 4.31% ബിൽ തുകയിൽ കുറവു വരുത്തിയിട്ടില്ല. ടെണ്ടർ കുറവ് കണക്കാക്കാത്തതിനാൽ ഉണ്ടായ അധിക ചെലവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| നൽകിയ തുക | നൽകേണ്ട തുക |
|---|---|
| Total Value Of Work Done – 113095<br>Add GST 12% -13572<br>Recoveries,<br>IT 2% – 2262<br>GST 2% – 2262<br>KCWWF – 1131<br>Fine – 22435<br>28090<br>Net To Contractor – 98577/- | Total Value Of Work Done – 113095<br>Less 4.31% – 4874.42<br>108221.27<br>Add GST 12% -12986.55<br>Recoveries,<br>IT 2% – 2165<br>GST 2% – 2165<br>KCWWF – 1082<br>Fine – 22435<br>27847<br>Net To Contractor – 93361/- |
| കരാറുകാരന് അധികം നൽകിയത് – 5216/- | |

മേൽ രണ്ടു പ്രവൃത്തികളും ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായപ്പോഴും കരാറുകാരോട് ഇതിനെ സംബന്ധിച്ച് ആരാഞ്ഞതായോ, നോട്ടീസ് നൽകിയതായോ ഫയലിൽ കാണുന്നില്ല. ആദ്യ പ്രവൃത്തിയ്ക്കായി തനതുഫണ്ടാണ് വകയിരുത്തിയതെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച 2021-22 വർഷത്തിൽ തുക നൽകാതിരുന്നതെന്തെന്ന് വ്യക്തമല്ല. രണ്ട് പ്രവൃത്തികളിലും ടെണ്ടർ കുറവ് കണക്കാക്കി ഈടാക്കാതിരുന്നതെന്തെന്നും, ആദ്യ പദ്ധതിയിൽ പിഴ ഈടാക്കാതിരുന്നതെന്തെന്നും വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. ആദ്യ പദ്ധതിയിൽ ടെണ്ടർ കുറവും, പിഴയും , രണ്ടാമത്തെ പ്രവൃത്തിയുടെ ടെണ്ടർ കുറവും ഈടാക്കി അറിയിക്കേണ്ടതാണ്.

1-23 ടേക്ക് എ ബ്രേക്ക് - നിർമ്മാണം അനിശ്ചിതത്വത്തിൽ

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ബഹു.മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച പദ്ധതിയാണ് ടേക്ക് എ ബ്രേക്ക്, പൊതുശുചിമുറി സമുച്ചയങ്ങളും വഴിയോര വിശ്രമകേന്ദ്രങ്ങളും. ദേശീയ സംസ്ഥാന പാതയോരങ്ങളിലും ജനബാഹുല്യമുള്ള മേഖലകളിലും സ്ത്രീകൾക്കും കുട്ടികൾക്കുമുൾപ്പെടെ ഏതു സമയത്തും വൃത്തിയായും സുരക്ഷിതമായും ഉപയോഗിക്കത്തക്ക രീതിയിൽ ആധുനിക സംവിധാനങ്ങളോടു കൂടിയ ശുചിമുറി സമുച്ചയങ്ങളും കോഫി ഷോപ്പുകളോട് കൂടിയ ഉന്നത നിലവാരത്തിലുള്ള വിശ്രമകേന്ദ്രങ്ങളും നിർമ്മിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സ.ഉ. (കൈ) 39/2020/ത.സ്വ.ഭ.വ, തീയതി. 20/02/2020, സ.ഉ. (കൈ) 45/ 2020/ത.സ്വ.ഭ.വ, തീയതി, 06/03/2020 എന്നീ ഉത്തരവുകൾ പ്രകാരം കേരള സർക്കാറിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെട്ട ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളും നിർബന്ധമായും പദ്ധതികൾ നടപ്പിലാക്കാൻ നിർദ്ദേശമുണ്ട്. തുടർന്ന് 27.7.2020 തിയ്യതിയിൽ വന്ന സർക്കാർ ഉത്തരവ് (സാധാ)നം.1401/2020/ ത.സ്വ.ഭ.വ. യിൽ ഈ പദ്ധതിയിലുൾപ്പെടുത്തി പൊതുശുചിമുറികൾ നവീകരിക്കുന്നതിന്/നിർമ്മിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ വിശദമായി നൽകി.

മേൽ പദ്ധതിയുടെ ഭാഗമായി കടലുണ്ടി ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ പദ്ധതി വിശദാംശം പരിശോധിച്ചതിൽ കണ്ട വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

2020-21 വർഷത്തിൽ 29,00,000/-രൂപ അടങ്കലിൽ (1400000-CFC, 1500000-മറ്റുള്ളവ) രണ്ട് ടേക്ക് എ ബ്രേക്കുകൾ നിർമ്മിക്കുന്ന വിധത്തിലാണ് പദ്ധതി തയ്യാറാക്കിയിരുന്നത്. എന്നാൽ എസ്റ്റിമേറ്റിൽ ഒന്നാമത്തെ ടോയ്‌ലെറ്റ് നിർമ്മാണത്തിനുള്ള ഇനങ്ങൾ ഉൾപ്പെടുത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, രണ്ടാമത്തെ ടോയ്‌ലെറ്റിന്റെ തുക ലംസം ആയി ഉൾപ്പെടുന്ന വിധവുമാണുള്ളത്. അതുകൊണ്ടു തന്നെ ടെണ്ടർ നടത്തിയപ്പോൾ ലംസം തുകകൾ ഒഴിവാക്കിയുള്ള നിരക്കാണ്/പ്രവൃത്തിയാണ് ടെണ്ടർ ചെയ്തതും, കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചതും. കരാർ ചമച്ച കരാറുകാരൻ പ്രവൃത്തി ആരംഭിച്ചു.

ബഹു. ജില്ലാ കളക്ടറുടെ 26.11.21 ലെ DCKKD/9505/2021-L1 ഉത്തരവ് മുഖേന താൽക്കാലിക ഉപയോഗാനുമതി ലഭിച്ച പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കടലുണ്ടി വില്ലേജിലെ മണ്ണൂർ ദേശത്തെ റീസർവേ 78/5C യിൽ ഉൾപ്പെടുന്ന മൂന്ന് സെന്റ് റോഡ് പുറമ്പോക്ക് ഭൂമിയിലാണ് നിർമ്മാണം ആരംഭിച്ചത്. ഈ സ്ഥലത്തിനോട് ചേർന്ന് ഭൂമിയുള്ള എ.ദേവദാസൻ എന്നയാൾ ഈ നിർമ്മാണത്തിനെതിരെ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു (WP(c)28804/2021). ടോയ്‌ലെറ്റ് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം കഴിഞ്ഞ ഘട്ടത്തിലാണ് പരാതിക്കാരൻ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. കേസ് ഫയൽ ചെയ്ത 2021 ഡിസംബർ മാസത്തിൽ തന്നെ പരാതിക്കാരന് "Status Quo" നിലനിർത്താനുള്ള ഇടക്കാല ഉത്തരവ് ലഭിച്ചു. ഇതിനെ തുടർന്ന് പൂർത്തീകരിച്ച നിർമ്മാണത്തിന്റെ അളവെടുത്ത് കരാറുകാരന് 4,23,083/-രൂപയുടെ പാർട്ട് ബിൽ നൽകി. നിലവിൽ തുടർ പ്രവൃത്തികളൊന്നും നടന്നിട്ടില്ല. 2022-23 വർഷത്തിലും നിർമ്മാണത്തിനുള്ള പദ്ധതി

സ്പിൽഓവർ ആയി തുടരുന്നുണ്ട്.

ബഹു. ജില്ലാ കളക്ടറുടെ 22.10.20 ലെ DCKKD/7572/2020-L1 ഉത്തരവ് മുഖേന പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കപ്പലങ്ങാടി വില്ലേജിലെ പഴഞ്ചണ്ണൂർ ദേശത്തെ റീസർവേ 145 ൽ ഉൾപ്പെടുന്ന മൂന്ന സെന്റ് റോഡ് പുറമ്പോക്ക് ഭൂമിയും ടേക്ക് എ ബ്രേക്ക് നിർമ്മാണത്തിനായി താൽക്കാലിക ഉപയോഗാനമതി ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലത്ത് നിർമ്മാണം ആരംഭിച്ചിട്ടില്ല.

കേസുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മേൽ കേസിന്റെ ഇടക്കാല ഉത്തരവ് കാലാവധി 2022 ഒക്ടോബർ മാസം അവസാനിച്ചിട്ടുണ്ടെന്ന് കാണകയുണ്ടായി. എന്നാൽ ഈ കാലാവധി കഴിഞ്ഞ് ഒരു വർഷമായിട്ടും നിർമ്മാണം പുന:രാരംഭിച്ചിട്ടില്ല. ഈ വിഷയത്തിൽ നിലവിൽ എന്തു തുടർനടപടി ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും നിയമോപദേശം ആരായുകയോ, കേസ് തീർപ്പാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

സർക്കാർ നിർദ്ദേശ പ്രകാരമുള്ള സേവനം ജനങ്ങൾക്ക് ഉറപ്പുവരുത്തുന്ന വിധത്തിൽ ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ഇടപെടലുകളുണ്ടാകേണ്ടതും, പ്രവൃത്തി പൂർത്തീകരിക്കുന്നതിന്/കേസ് തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിലുണ്ടായ പുരോഗതി അറിയിക്കേണ്ടതാണ്.

## 1-24 ടേക്ക് എ ബ്രേക്ക് - കേസ് തീർപ്പാക്കുന്നതിൽ അലംഭാവം

ബഹു.മുഖ്യമന്ത്രിയുടെ 12 ഇന കർമ്മപരിപാടിയിലുൾപ്പെടുത്തി കടലുണ്ടി ഗ്രാമപഞ്ചായത്തിൽ നിർമ്മാണമാരംഭിച്ച ടേക്ക് എ ബ്രേക്ക് ടോയ്‌ലെറ്റ് നിർമ്മാണം നിലവിൽ അപൂർണ്ണമാണ്/അനിശ്ചിതത്വത്തിലാണ്. 2020-21 വർഷത്തിൽ 29,00,000/-രൂപ അടങ്കലിൽ പ്രോജക്ട് നമ്പർ 146/21 ആയി രൂപീകരിച്ച ഈ പദ്ധതി ഓഡിറ്റ് വർഷം പ്രോ.നം.51/23 ആയി തുടരുന്നു. ബഹു. ജില്ലാ കളക്ടറുടെ 26.11.21 ലെ DCKKD/9505/2021-L1 ഉത്തരവ് മുഖേന താൽക്കാലിക ഉപയോഗാനമതി ലഭിച്ച പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള കടലുണ്ടി വില്ലേജിലെ മണ്ണൂർ ദേശത്തെ റീസർവേ 78/5C യിൽ ഉൾപ്പെടുന്ന മൂന്ന സെന്റ് റോഡ് പുറമ്പോക്ക് ഭൂമിയിലാണ് നിർമ്മാണം ആരംഭിച്ചത്. ഈ സ്ഥലത്തിനോട് ചേർന്ന് ഭൂമിയുള്ള എ.ദേവദാസൻ എന്നയാൾ ഈ നിർമ്മാണത്തിനെതിരെ ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു (WP(c)28804/2021). ഈ കേസുമായി ബന്ധപ്പെട്ട ഫയലുകളും, അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി ഫയലും പരിശോധിച്ചതിൽ കണ്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

- ടോയ്‌ലെറ്റ് കെട്ടിടത്തിന്റെ സ്ട്രക്ച്ചർ നിർമ്മാണം കഴിഞ്ഞ ഘട്ടത്തിലാണ് പരാതിക്കാരൻ ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. 2021 ഡിസംബർ മാസത്തിൽ തന്നെ പരാതിക്കാരന് "Status Quo" നിലനിർത്താനുള്ള ഇടക്കാല ഉത്തരവ് ലഭിച്ചു.
- ഇതിനെ തുടർന്ന് പൂർത്തീകരിച്ച നിർമ്മാണത്തിന്റെ അളവെടുത്ത് കരാറുകാരന് 4,23,083/-രൂപയുടെ പാർട്ട് ബിൽ നൽകി.
- ആദ്യം വക്കാലത്ത് ഏൽപ്പിച്ചിരുന്ന വിനോദ്സിംഗ് ചെറിയാൻ എന്ന അഡ്വക്കേറ്റിനെ ഒഴിവാക്കി (റിലിക്വിഷ്മെന്റ് വാങ്ങി) അഡ്വ. നിഖിൽ ദേവ് എന്നവരെ കേസ് ഏൽപ്പിച്ചതായി കാണുന്നു.
- കേസിന്റെ നാളിതുവരെയുള്ള നാൾവഴികൾ പരിശോധിച്ചതിൽ ആദ്യം ലഭിച്ച ഉത്തരവ് പല തവണയായി ദീർഘിപ്പിച്ചു നൽകിയതായി കാണുന്നു. അവസാന ഉത്തരവ് 14.7.2022 നാണ്. ഈ ഉത്തരവ് പ്രകാരം ഇടക്കാല ഉത്തരവ് മൂന്ന മാസത്തേയ്ക്കാണ് നീട്ടി നൽകിയത്.
- 2022 മാർച്ച് മാസത്തിൽ സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കോടതി അഡ്വക്കേറ്റ് കമ്മീഷണറെ നിയമിക്കുകയും, സമർപ്പിച്ച റിപ്പോർട്ടിന്മേൽ ആക്ഷേപങ്ങൾ (Objections) സമർപ്പിക്കാൻ പഞ്ചായത്ത് വക്കീലിന് സമയമനുവദിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള ഒബ്ജക്ഷൻ ഫയൽ ചെയ്തതായി കാണുന്നില്ല.

നിലവിൽ ഈ കേസിന്മേലുള്ള ഇടക്കാല ഉത്തരവിന്റെ കാലാവധി 2022 ഒക്ടോബർ മാസം അവസാനിച്ചിട്ടുണ്ട്. തുടർന്ന് ഓഡിറ്റ് സമയം വരെ ഒരു വർഷക്കാലമായിട്ടും, ഈ കേസിൽ യാതൊരു പുരോഗതിയുമുണ്ടാകുകയോ, നിർമ്മാണം പുന:രാരംഭിക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. 27.2.2022 ന് വക്കീൽ ഫീസ് 25,000/- രൂപ ആവശ്യപ്പെട്ടു അഡ്വക്കേറ്റ് നൽകിയ 119/2022 നമ്പർ ഇൻവോയ്സിൽ കമ്മീഷൻ റിപ്പോർട്ടിന്മേൽ ഒബ്ജക്ഷൻ ഫയൽ ചെയ്യുന്നതിനുള്ള 2000 രൂപയും ഉൾപ്പെടുന്നുണ്ട്(ഭരണസമിതി തീരുമാന പ്രകാരം 15000 രൂപ മാത്രമേ വക്കീലിനനുവദിച്ചിട്ടുള്ളൂ). എന്നാൽ നാളിതുവരെ സബ്മിറ്റ് ചെയ്ത ഡോക്യുമെന്റുകളുടെ വിവരം ബഹു.ഹൈക്കോടതിയുടെ സൈറ്റിൽ ലഭ്യമായതിൽ ഇത്തരത്തിൽ ഒബ്ജക്ഷൻ ഫയൽ ചെയ്തതിന്റെ വിവരം ഉൾപ്പെട്ടിട്ടില്ല. ഫയലിൽ ലഭ്യമായ അഡ്വക്കേറ്റിന്റെ 4.8.2022 ലെ ഇമെയിൽ സന്ദേശത്തിൽ ഒബ്ജക്ഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾക്കായി പഞ്ചായത്ത് അതോറിറ്റി സ്റ്റാന്റിംഗ് കൗൺസലിന്റടുത്ത് ഹാജരാകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർനടപടിയുണ്ടായോ എന്ന് വ്യക്തമല്ല.

ഇടക്കാല ഉത്തരവ് കാലാവധി അവസാനിച്ചിട്ടും നിർമ്മാണം പുനരാരംഭിക്കാത്തത് സംബന്ധിച്ചും, ഒരു വർഷം പിന്നിട്ടിട്ടും കേസിൽ യാതൊരു പുരോഗതിയുമുണ്ടാക്കാൻ ശ്രമിക്കാതിരുന്നതും വിശദീകരിക്കേണ്ടതാണ്. കേസിന്റെ ആരംഭത്തിൽ നിലവിലെ സ്റ്റാന്റിംഗ് കൗൺസലിനെ റിലിംക്വിഷ് ചെയ്ത് ഇപ്പോഴത്തെ അഡ്വക്കേറ്റിനെ കേസ് ഏൽപ്പിക്കാനുണ്ടായ കാരണം ഫയലിൽ വ്യക്തമല്ല. പുതിയ വക്കീൽ 2022 മാർച്ച് മാസത്തിൽ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തതിനു ശേഷം, ഓരോ സിററിംഗിലും ഹിയറിംഗിനായി ഹാജരാകുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ വിഷയത്തിൽ നിലവിൽ എന്തു തുടർനടപടി ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും നിയമോപദേശം ആരായുകയോ, കേസ് തീർപ്പാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, ഇക്കാര്യത്തിലുണ്ടായ പുരോഗതി അറിയിക്കേണ്ടതുമാണ്.

1-25 ശ്രീ.അപ്പൂട്ടി.കെ,പാർട്ട് ടൈം ലൈബ്രേറിയന്റെ ശൂന്യവേതനാവധിയും റിട്ടയർമെന്റ് പെൻഷനും അപേക്ഷ സമർപ്പിച്ച് രണ്ടര വർഷമായിട്ടും അനുവദിച്ചിട്ടില്ല.

ഫയൽ നം.എ1/4815/21

ശ്രീ.അപ്പൂട്ടി കെ, പാർട്ട് ടൈം ലൈബ്രേറിയൻ, 18-5-2021 ൽ നൽകിയ അപേക്ഷ പ്രകാരം ശാരീരിക അവശതകൾ മൂലം ജോലി ചെയ്യാൻ ബുദ്ധിമുട്ടുള്ളതിനാൽ 31-8-2021 ന് റിട്ടയറിംഗ് പെൻഷനിൽ പിരിയാൻ ഉദ്ദേശിക്കുന്നതായും ആയതിനാൽ ഭരണസമിതിയുടെ അനുമതിയോടുകൂടി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പെൻഷൻ അനുവദിക്കുന്ന അധികാരിയായ ബഹു.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അവർകൾക്ക് സമർപ്പിക്കുന്നതിനും ടിയാൻ അപേക്ഷിച്ചിരുന്നു. 24-05-2021 ന് ഫയലിൽ സ്വീകരിച്ച അപേക്ഷ 22-6-2021 ലെ 13(4) നം തീരുമാന പ്രകാരം ഭരണസമിതിയുടെ അംഗീകാരത്തോടെ 13-7-2021 ലെ എ1- 4815/21 കത്ത് മുഖേന ബഹു പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോടിന് അയച്ചിട്ടുണ്ട്. പ്രസ്തുത കത്തിൽ ശ്രീ.അപ്പൂട്ടി.കെ എന്നവരുടെ 10-2-2021 മുതൽ 31-8-2021 വരെയുള്ള ശാരീരികാവശത മൂലമുള്ള 202 ദിവസത്തെ ശൂന്യ വേതനാവധി അനുവദിക്കാമോ എന്നത് സംബന്ധിച്ചും, ടിയാന്റെ റിട്ടയറിംഗ് പെൻഷൻ അപേക്ഷയിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുമുള്ള നിർദ്ദേശങ്ങൾക്കുമായി അപേക്ഷിച്ചിട്ടുണ്ട്. തുടർന്ന് 5-8-2021 ലെ DDP-KKD/445/ 2021-A8 നം കത്ത് മുഖേന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഒരു കലണ്ടർ വർഷം പരമാവധി 120 ദിവസം ദിവസം മാത്രമേ ശൂന്യ വേതനാവധി അനുവദിക്കാൻ കഴിയൂ എന്നും നാല് മാസത്തിൽ കൂടുതൽ ശൂന്യ വേതനാവധി അനുവദിക്കാനുള്ള അധികാരം ബന്ധപ്പെട്ട ഭരണ വകുപ്പിനാണ് എന്നും ആയതിനാൽ ശൂന്യവേതനാവധിക്ക് സമർപ്പിച്ച അപേക്ഷ ബഹു.പഞ്ചായത്ത് ഡയറക്ടർക്ക് ഉചിത മാർഗ്ഗേന സമർപ്പിക്കേണ്ടതാണെന്നും ബഹു പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് അറിയിച്ചിട്ടുണ്ട്. കൂടാതെ 20 വർഷത്തെ യോഗ്യസേവന കാലം ഉള്ള ഏതൊരു പാർട്ട് ടൈം കണ്ടിജന്റ്

ജീവനക്കാരനും റിട്ടയർമെന്റ് ആഗ്രഹിക്കുന്ന തീയ്യതിക്ക് മൂന്നു മാസം മുൻപ് നിയമനാധികാരിക്ക് / പെൻഷന് അനുവാദം നൽകുന്ന അധികാരിക്ക് അപേക്ഷിച്ച് നിയമനാധികാരി ആയത് അംഗീകരിക്കുന്ന മുറക്ക് പെൻഷൻ നൽകാവുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ടിയാൻ 28-6-1995 മുതൽ കടലുണ്ടി ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയനായി സേവനമനുഷ്ഠിച്ചു വരുന്നയാളാണ്. തുടർന്ന് 8-9-2021 ലെ A1-4815/21 കത്ത് പ്രകാരം ടിയാന്റെ അവധി അപേക്ഷയും, മെഡിക്കൽ സർട്ടിഫിക്കറ്റും സഹിതം ശൂന്യവേതനാവധി അനുമതി ലഭ്യമാക്കുന്നതിനും , റിട്ടയറിംഗ് പെൻഷൻ അപേക്ഷയിൽ തുടർനടപടികൾക്കുമായി ബഹു പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരത്തിന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

തുടർന്ന് ഫയലിൽ നിന്നും ലഭ്യമായ 12-11-21 ലെ PAN/13494/2021-E213(DP) കത്ത് മുഖേന ശ്രീ അപ്പുട്ടി എന്നവരുടെ സേവന പുസ്തകത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് , നിലവിൽ ലീവിൽ തുടരുകയാണെങ്കിൽ ടി കാലയളവ് ഉൾപ്പെടെ ശൂന്യവേതനാവധിക്കുള്ള അപേക്ഷ ഒരു ഫോമിൽ ഉൾപ്പെടുത്തിയുള്ളത്, ടിയാളുടെ നിയമനരീതി സംബന്ധിച്ചുള്ള റിപ്പോർട്ട്, നിലവിൽ ലീവ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത് കൊണ്ടുള്ള ഉത്തരവ് എന്നിവ ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുള്ളതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് അറിയിച്ചിട്ടുണ്ട്. 24-11-2021 ലെ എ2-4815/21 കത്ത് മുഖേന ആവശ്യപ്പെട്ട എല്ലാ രേഖകളും സഹിതം ഇക്കാര്യത്തിലുള്ള തുടർനടപടികൾക്കായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോടിന് അയച്ചു നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം പിന്നീട് ഇക്കാര്യത്തിൽ യാതൊരു തുടർ നടപടിയും സ്വീകരിച്ച് കാണുന്നില്ല. 31-5-2023 ന് ടിയാന് 70 വയസ്സായതിനാൽ നിയമപ്രകാരം സേവന കാലയളവും അവസാനിച്ചു. ഇതിനു തൊട്ടു മുമ്പുള്ള മാസത്തിൽ 24-4-2023 ലെ എ1- 4815/21 നം കത്ത് മുഖേന ബഹു തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ, കോഴിക്കോടിന് 31-5-2023 ന് വിരമിക്കുന്ന ശ്രീ.അപ്പുട്ടി.കെ, പാർട്ട് ടൈം ലൈബ്രേറിയന്റെ അപേക്ഷയിന്മേലുള്ള തുടർ നടപടി കൈക്കൊള്ളുന്നതിനാവശ്യപ്പെട്ടിട്ടുണ്ട്. 5 മാസങ്ങൾക്ക് ശേഷം 12-10-2023 ലെ 400996/HRSB02/GPO/2023/7386/(1) കത്ത് പ്രകാരം ടിയാന്റെ സേവന പുസ്തകവും ജോയിന്റ് ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ട്. തുടർന്ന് നടത്തിയ അന്വേഷണത്തിൽ നാളിതു വരെയും ടിയാന്റെ അപേക്ഷ പ്രകാരം അവധി അനുവദിച്ച് റിട്ടയറിംഗ് പെൻഷനുള്ള അനുമതി ലഭ്യമായിട്ടില്ലെന്ന് അറിയാൻ കഴിഞ്ഞു.

ടിയാൻ അപേക്ഷ സമർപ്പിച്ച് രണ്ടര വർഷങ്ങൾക്കു ശേഷവും ശൂന്യവേതന അവധിയും റിട്ടയറിംഗ് പെൻഷനും അനുവദിച്ചിട്ടില്ല. അവശത അനുഭവിക്കുന്ന പാർട്ട് ടൈം ജീവനക്കാരന്റെ ശൂന്യവേതന അവധിയും റിട്ടയറിംഗ് പെൻഷനും അനുവദിക്കുന്നതിനുള്ള കാലതാമസത്തിന് കാരണവും സ്വീകരിച്ച തുടർനടപടികളും വിശദീകരിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (10/17-10-23) നൽകിയ മറുപടിയിൽ 24-11-2021 ന് ടിയാന്റെ അപേക്ഷ ഉചിതമാർഗ്ഗേന ബഹു.പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു നൽകിയിട്ടുള്ളതാണെന്നും തുടർന്ന് മേൽ കാര്യാലയത്തിൽ നിന്നും അറിയിപ്പുകളൊന്നും ലഭിച്ചിട്ടില്ലെന്നും ടിയാൻ 120 ദിവസത്തിൽ കൂടുതൽ ശൂന്യവേതനാവധിക്ക് അപേക്ഷ സമർപ്പിച്ചതിനാൽ ആയത് ബന്ധപ്പെട്ട ഭരണ വകുപ്പിൽ നിന്നും ഉത്തരവാക്കി ലഭിച്ചതിനു ശേഷമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നറിയിച്ചിട്ടുണ്ട്. 24-4-2023 ന് ടിയാന്റെ വിരമിക്കൽ സംബന്ധിച്ച അപേക്ഷയിലെ തുടർ നടപടി കൈക്കൊള്ളുന്നതിനും ബഹു.തദ്ദേശ സ്വയംഭരണ ജോയിന്റ് ഡയറക്ടർ, കോഴിക്കോടിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഭരണവകുപ്പുമായി നേരിട്ട് ബന്ധപ്പെട്ട് ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ടിയാന്റെ ശൂന്യവേതന അവധിയും പെൻഷൻ ആനുകൂല്യങ്ങളും ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-26 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പുതുക്കൽ -പ്രോജക്ട് ലക്ഷ്യം കൈവരിച്ചില്ല.

പ്രൊജക്ട് നം/ പേര് - 226/23 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പുതുക്കൽ

നിർവ്വഹണം - സെക്രട്ടറി

വകയിരുത്തിയ തുക - 60065(വികസന ഫണ്ട്)

ചെലവ് തുക- 30000(വികസന ഫണ്ട്)

ബിൽ സാങ്ഷൻ നം - 238/3-1-23

TQS/Q-1191 നം സർട്ടിഫിക്കറ്റ് പ്രകാരം നിലവിൽ കടലുണ്ടി ഗ്രാമ പഞ്ചായത്തിന്റെ സർട്ടിഫിക്കേഷൻ കാലാവധി 2023 ജനവരി 2 ന് അവസാനിക്കുന്നതിനാൽ ആയത് പുതുക്കുന്നതിനുള്ള കൺസൾട്ടൻസി സർവ്വീസ്, സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് ആവശ്യമായ തുക മേൽ പ്രോജക്ട് പ്രകാരം വകയിരുത്തിയിട്ടുണ്ട്. 3-9-2022 ലെ സ.ഉ(സാധാ) നം.2176/2022/LSGD ഉത്തരവ് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ഐ.എസ്.ഒ അംഗീകാരം നേടുന്നതിനും അത് നിലനിർത്തുന്നതിനുമുള്ള കൺസൾട്ടൻസി ഏജൻസിയായി കിലയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. സൂചന ഉത്തരവ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിന് 30000 രൂപയാണ് കൺസൾട്ടൻസി ഫീസായി കിലയ്ക്ക് നൽകേണ്ടത്. ആയതിനാൽ പ്രൊജക്ട് പ്രകാരം 30000 രൂപ പിൻവലിച്ച് കില ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഫയൽ പ്രകാരം തുക കൈമാറി 9 മാസം കഴിഞ്ഞിട്ടും കിലയുടെ മേൽനോട്ടത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷനുള്ള നടപടികൾ ആരംഭിച്ചതായി കാണുന്നില്ല. പ്രസ്തുത സർട്ടിഫിക്കേഷൻ നടപടികൾ ഇതുവരെയും ആരംഭിച്ചിട്ടില്ലെന്ന് പദ്ധതി ക്ലാർക്ക് വാക്കാൽ പറഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (20/19-10-23) മറുപടി നൽകിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കി അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക 30000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-27 വിവിധ ഏജൻസികൾക്ക് തുക നൽകി -പൂർത്തീകരണം,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.

2022-23 വർഷം സെക്രട്ടറി നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി വ്യത്യസ്ത ഏജൻസികൾക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി തുക നൽകിയിട്ടുണ്ട്. അതിൽ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തവയുടെ വിശദാംശം താഴെ ചേർക്കുന്നു

| ക്രമ നം | പദ്ധതിയുടെ നമ്പർ/പേര് | ചെലവ് തുക/ ഫണ്ടിനം | ബിൽ സാങ്ഷൻ നമ്പർ, തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 263/23 ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് കോൺഫറൻസ് ഹാൾ ആധുനീകരിക്കുന്നതിന് തുക കൈമാറൽ | 200000 (വികസനഫണ്ട്) | 111/17-9-22 | ജില്ലാ കളക്ടർ, കോഴിക്കോടിന് തുക കൈമാറി. കൈപ്പറ്റ് , വിനിയോഗം, പൂർത്തീകരണ വിവരം എന്നിവ ലഭ്യമല്ല. |
| 2 | 122/23 ആനിമൽ ബർത്ത് | 10000 (വികസന ഫണ്ട്) | 561/29-3-23 | ജില്ലാ പഞ്ചായത്തിന് തുക കൈമാറി. |

| | | | | |
|---|---|---|---|---|
| | കൺട്രോൾ പ്രോഗ്രാം - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ | | | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം, എ.ബി.സി തുടർനടത്തിപ്പ്, രണ്ടാമതൊരു എ.ബി.സി സെന്റർ നിർമ്മാണം എന്നിവയ്ക്ക് തുക കൈമാറുന്നതിന് ജില്ലാ പഞ്ചായത്തും ഗ്രാമപഞ്ചായത്തും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതി. തുകയുടെ കൈപ്പറ്റ്,വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. |
| 3 | 121/23 വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിവയ്ക്കൽ | 111922 (സി.എഫ്.സി. ഗ്രാന്റ്) | 223/28-12-22,336/22-2-23, 293/7-2-23 | കടലുണ്ടി , കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷനിൽ തുക ഡെപ്പോസിറ്റ് ചെയ്തു. തുകയുടെ വിനിയോഗ വിവരംലഭ്യമല്ല. |
| 4 | 41/23(SO) പഞ്ചായത്തിലെ വിവിധ ഘടക സ്ഥാപനങ്ങൾക്ക് ജപ്പാൻ കുടിവെള്ള കണക്ഷൻ | 197154 (സി.എഫ്.സി. ഗ്രാന്റ്) | 178/1-12-22 | കേരള വാട്ടർ അതോറിറ്റി, കോഴിക്കോടിന് തുക ഡെപ്പോസിറ്റ് ചെയ്തു. തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. |
| | ആകെ | 609076 | | |

ക്രമ നം.1 ,3,4 എന്നിവയുടെ കാര്യത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും ക്രമ നം. 2 ന്റെ കാര്യത്തിൽ എ.ബി.സി തുടർനടത്തിപ്പ്, എ.ബി.സി സെന്റർ നിർമ്മാണം എന്നിവയ്ക്ക് പണം വിനിയോഗിച്ചതിന്റെ വിവരവും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ.ഉ.കൈ.നം. 84/2022 എൽ.എസ്.ജി.ഡി തീ. 19-4-22 ഖ.12.2(ഡി) പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂ. എന്നാൽ ക്രമ നം.3,4 പ്രവൃത്തികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ സെക്രട്ടറി ബന്ധപ്പെട്ട വകുപ്പുകളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (9/17-10-23) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരവും വിനിയോഗ സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുകയായ 609076 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-28 വിവിധ ഫോറങ്ങളുടെ പ്രിന്റിംഗ് - മിതവ്യയം പാലിച്ചില്ല.

പ്രൊജക്ട് നം/പേര്- 120/23 പദ്ധതി ആസൂത്രണം മോണിറ്ററിംഗ്

നിർവ്വഹണം - സെക്രട്ടറി

ചെലവ് തുക- 304035(105780-തനത് ഫണ്ട്+ 198255-വികസന ഫണ്ട്)

പ്രൊജക്ട് പ്രകാരം പത്ര പരസ്യം, പ്രിന്റിംഗ്, വിവിധ മീറ്റിംഗുകളിലേക്കുള്ള ഭക്ഷണം എന്നിവയ്ക്കാണ് പ്രധാനമായും തുക ചെലവ് ചെയ്തത്. ആകെ ചെലവിൽ 213820 രൂപയും പ്രിന്റിംഗ് ചെലവ് ഇനത്തിലുള്ളതാണ്. പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പ്രിന്റിംഗ് സേവനങ്ങൾ റേറ്റ് കോൺട്രാക്ടിന് പകരം ക്വട്ടേഷനടിസ്ഥാനത്തിൽ സമാഹരിച്ചു.

ഒരു വർഷത്തെ പ്രിന്റിംഗ് സേവനങ്ങൾ മുൻകൂറായി നിരക്കടിസ്ഥാനത്തിൽ സമാഹരിക്കുന്നതിന് പകരം ഓരോ ഘട്ടത്തിലും ക്വട്ടേഷൻ നടപടിയിലൂടെ സേവനം സമാഹരിച്ചതിനാൽ സ്ഥാപനത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓരോ തവണയും ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ കടലുണ്ടിയിലുള്ള ജിത്ത്സ് ഓഫ്സെറ്റ് എന്ന സ്ഥാപനം തന്നെയാണ് കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത് പ്രിന്റിംഗിനുള്ള സ്ഥാപനമായി തെരഞ്ഞെടുക്കപ്പെട്ടത്. സ്ഥാപനം ഓരോ തവണയും വ്യത്യസ്ത നിരക്കിലാണ് ഒരേ ഇനത്തിന് തുക ക്വാട്ട് ചെയ്തിരിക്കുന്നത്. ഉദാഹരണമായി D 1/8 സൈസിൽ ഗ്രാമസഭാ നോട്ടീസ് പ്രിന്റ് ചെയ്യുന്നതിനായി വിവിധ തീയ്യതികളിൽ ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ലഭിച്ച നിരക്കനുസരിച്ച് 22 വാർഡുകളിലേക്ക് 500 വീതം ആകെ 11000 നോട്ടീസ് പ്രിന്റ് ചെയ്തപ്പോൾ ജി.എസ്.ടി ഉൾപ്പെടെ ഓരോ തവണയും ക്വാട്ട് ചെയ്ത് ഈടാക്കിയ നിരക്കുകളിലുള്ള വ്യത്യാസം ബില്ലുകൾ പരിശോധിച്ചാൽ വ്യക്തമാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം/തിയ്യതി | 11000 ഗ്രാമസഭാ നോട്ടീസിന്റെ വില | ഒരെണ്ണത്തിന്റെ വില |
|---|---|---|
| 134/28-2-22 | 13490 | 1.23 രൂപ |
| 205/20-9-22 | 15570 | 1.42 രൂപ |
| 318/15-12-22 | 4600 | 42 പൈസ |
| 134/28-7-22 | 13490 | 1.23 രൂപ |

മേൽ പട്ടിക പരിശോധിച്ചാൽ ഈയിനത്തിൽ പഞ്ചായത്തിന് സംഭവിച്ച നഷ്ടത്തിന്റെ തോത് വ്യക്തമാകുന്നതാണ്. ഒരു വർഷത്തെ പ്രിന്റിംഗ് സേവനങ്ങൾ മുൻകൂറായി നിരക്കടിസ്ഥാനത്തിൽ സമാഹരിക്കുന്നതിന് പകരം ഓരോ ഘട്ടത്തിലും ക്വട്ടേഷൻ നടപടിയിലൂടെ സേവനം സമാഹരിച്ചതിനാലാണ് ഇപ്രകാരം പഞ്ചായത്തിന് നഷ്ടം സംഭവിക്കാനിടയായത്.

2. ആവശ്യകതയിലധികം പ്രിന്റ് ചെയ്തു.

പഞ്ചായത്തിന്റെ 2022-27 വർഷക്കാലത്തേക്കുള്ള 2022-23 ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ 3 ഫാമുകളിലായി 49 പശുക്കളെ കൂടാതെ 566 മറ്റ് പശുക്കൾ ഉൾപ്പെടെ ആകെ 645 പശുക്കളാണുള്ളത്. കന്നുകുട്ടികളുടെ എണ്ണം വ്യക്തമല്ല. എന്നാൽ 2022-23 വാർഷിക പദ്ധതിയായ കറവ പശുക്കൾക്ക് കാലിത്തീറ്റ, കന്നുകുട്ടി പരിപാലന പദ്ധതി, കാലിത്തൊഴുത്ത് നവീകരണം എന്നീ പദ്ധതികൾക്ക് ഓരോന്നിനും 1000 വീതം അപേക്ഷാ ഫോറങ്ങൾ എണ്ണം നോക്കാതെ അനാവശ്യമായി പ്രിന്റ് ചെയ്തിട്ടുണ്ട്. 2022-23 ലെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം മത്സ്യമേഖലയിൽ നിലവിൽ എത്ര മത്സ്യതൊഴിലാളികൾ ഉണ്ടെന്നും അവരിൽ തന്നെ എത്ര പേർ വിവിധ രീതിയിലുള്ള വള്ളം, വല എന്നിവ ഉപയോഗിച്ച് ഉപജീവന മാർഗ്ഗം നടത്തുന്നുണ്ട് എന്നുമുള്ള കൃത്യമായ കണക്ക് ലഭ്യമാക്കിയിട്ടില്ല. കൃത്യമായ കണക്ക് ഇല്ലാതെയാണ് ഗുണഭോക്തൃ വിഹിതമായി വലിയ തുകകൾ ആവശ്യമായ FRP പ്ലൈവുഡ് വള്ളങ്ങളിലെ കേടായ വല മാറ്റൽ, മത്സ്യ വിൽപ്പനക്കായി ഇരുചക്ര മോട്ടോർ വാഹനം എന്നീ പദ്ധതികൾക്ക് 1000 വീതവും, മുറ്റത്തൊരു മീൻതോട്ടം എന്ന പദ്ധതിക്ക് 1500 ഉം ഗുണഭോക്തൃ ഫോറങ്ങൾ അച്ചടിച്ചിട്ടുള്ളത്. കാർഷിക പ്രോജക്ടുകളിൽ പലതിനും 2000 വീതം അപേക്ഷകളാണ് പ്രിന്റ് ചെയ്തിരിക്കുന്നത്. ഇപ്രകാരം ആവശ്യകത പരിഗണിക്കാതെ പ്രിന്റ് ചെയ്തതിനാൽ അനാവശ്യ ചെലവിനിടയാക്കിയിട്ടുണ്ട്.

3. മുഴുവൻ ഫോറങ്ങളും സ്റ്റോക്കിലെടുത്തില്ല.

30-7-22 ലെ 137,138,139 എന്നീ ഇൻവോയ്സുകൾ പ്രകാരം യഥാക്രമം 11040 , 12980, 14330 എന്നിങ്ങനെ 38350 രൂപയ്ക്ക് 15350 ഗുണഭോക്തൃ ഫോറങ്ങൾ അച്ചടിച്ചിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല. 29-7-22 ലെ 155,136 എന്നീ ഇൻവോയ്സുകൾ പ്രകാരം യഥാക്രമം 25780, 27030 എന്നിങ്ങനെ 52810 രൂപയുടെ 33500 ഗുണഭോക്തൃ ഫോറങ്ങൾ പ്രിന്റ് ചെയ്ത് സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും അവയുടെ വിതരണം ബാലൻസ് എന്നിവ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വ്യക്തമല്ല. ആയതിനാൽ തുടർ വർഷങ്ങളിൽ ഈ ഫോറങ്ങൾ തുടർന്നും ഉപയോഗിക്കുന്നുണ്ടോയെന്ന് ഉറപ്പാക്കാനായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (29/20-10-23) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വ്യക്തമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ പ്രിന്റിംഗ് ചെലവിൽ കുറവ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

1-29 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം - ക്ലോസ് ചെയ്ത അക്കൗണ്ടിലേക്ക് തുക കൈമാറിയതിനാൽ ഗുണഭോക്താവിന് പണം ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം |

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 30/23 |
| വകയിരുത്തിയതുക | 2699000<br>(1659000 വികസനഫണ്ട്+ 78000 ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് + 260000 ജില്ലാ പഞ്ചായത്ത് ഫണ്ട്) |
| ചെലവുതുക | 2699000 |
| ബിൽ | 2/22-23/ 31/10/22 - 6000<br>(ആകെ ബിൽ തുക – 536650)<br>7/22-23/ 30/12/22 - 2000<br>(ആകെ ബിൽ തുക – 578855)<br>19/22-23/ 14/12/22 - 10500<br>(ആകെ ബിൽ തുക – 702675)<br>22/22-23/ 22/2/23 - 2750<br>(ആകെ ബിൽ തുക – 260000)<br>24/22-23/ 22/02/23 - 4250<br>(ആകെ ബിൽ തുക – 320675)<br>34/22-23/ 28/03/23 - 2000<br>(ആകെ ബിൽ തുക – 201145) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം ശ്രീ നിധിൻ.പി എന്ന കുട്ടിക്ക് ടിയാളുടെ എസ്.ബി.ഐ യുടെ 67177227161 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് 27500/-രൂപ പല ട്രഷറി ബില്ല് മുഖേന നൽകിയിട്ടുണ്ടെങ്കിലും ടിയാളുടെ ബാങ്ക് പാസ്ബുക്ക് പരിശോധിച്ചതിൽ 2022 – 23 സാമ്പത്തിക വർഷത്തിൽ സ്കോളർഷിപ്പ് തുക ക്രഡിറ്റ് ആയിട്ടില്ല എന്ന് കാണുന്നു. ടിയാൻ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്ക് നൽകിയ പാസ്ബുക്കിൽ അക്കൗണ്ട് സ്റ്റാറ്റസ് ക്ലോസ്ഡ് എന്ന് ആയതിനാലും, കൃത്യമായ പരിശോധന നടത്താതെ തുക നൽകിയതിനാലുമാണ് അർഹമായ തുക ലഭിക്കാതിരുന്നത്. ഗുണഭോക്താവ് നൽകിയ ബാങ്ക് അക്കൗണ്ട് കൃത്യമായ പരിശോധന നടത്താതെ സ്കോളർഷിപ്പ് തുക നൽകാനുണ്ടായ സാഹചര്യവും അർഹമായ തുക നൽകാൻ സ്വീകരിച്ച തുടർനടപടികളും, കൂടാതെ മറ്റ് ഗുണഭോക്താക്കൾക്കും തുക ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (25/2022 -23 /19.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താവിന് അർഹമായ തുക തുടർ വർഷത്തെ പദ്ധതിയിൽ നിന്ന് നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-30 തെരുവുവിളക്കുകളുടെ എണ്ണം സംബന്ധിച്ച് കൃത്യമായ വിവരങ്ങളില്ല

കെ.എസ്.ഇ.ബി യുടെ കടലുണ്ടി സെക്ഷനിൽ നിന്നുള്ള ഡിമാന്റ് നോട്ടീസുകളുടെ അടിസ്ഥാനത്തിൽ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജായി 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 5,38,168/- രൂപ അടവാക്കിയിട്ടുണ്ട്. മാസം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| മാസം | അടവാക്കിയ തുക |
|---|---|
| 04/2022 | 37,451 |
| 05/2022 | 46,540 |
| 06/2022 | 38,425 |
| 07/2022 | 45,227 |
| 08/2022 | 42,130 |
| 09/2022 | 45,336 |
| 10/2022 | 45,908 |
| 11/2022 | 48,955 |
| 12/2022 | 41,510 |
| 01/2023 | 46,020 |
| 02/2023 | 46,157 |
| 03/2023 | 54,509 |
| ആകെ | 5,38,168 |

എന്നാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം എന്നിവ തീർച്ചപ്പെടുത്താതെയാണ് 2022-23 വർഷത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കിയിട്ടുള്ളത്. സംയുക്തപരിശോധന നടത്തി തെരുവിളക്കുകളുടെ എണ്ണം, തരം, സ്ഥാനം എന്നിവ വ്യക്തമാക്കുന്ന രീതിയിൽ തെരുവുവിളക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-31 അപകടഭീഷണിയുള്ള കെട്ടിടത്തിൽ അംഗണവാടി പ്രവർത്തിക്കുന്നു.

ബഹു. ജില്ലാ കലക്ടറുടെ 09/03/2022 ലെ DCKKD/2481/22/- F2 എന്ന കത്ത് പ്രകാരം ബേപ്പൂർ ചാലിയത്തുള്ള കൈതവളപ്പ് അങ്കണവാടി ഇസ്ലാമിക്ക് എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന സംഘടനയുടെ കീഴിലുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും കടലിനോട് ചേർന്ന് അനധികൃതമായി നിർമ്മിച്ച ഈ കെട്ടിടത്തിന് വാടക നൽകിയാണ് അങ്കണവാടി പ്രവർത്തിക്കുന്നതെന്നും, കടൽഭിത്തിയോട് ചേർന്ന് നിർമ്മിച്ചതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്ന് പെർമിറ്റ് നൽകിയിട്ടില്ലെന്നും, കടൽക്ഷോഭങ്ങൾക്ക് സാധ്യതയുള്ള ഈ പ്രദേശത്തുനിന്നും അങ്കണവാടിയുടെ പ്രവർത്തനം സുരക്ഷിതമായ മറ്റൊരു കെട്ടിടത്തിലേക്ക് എത്രയും പെട്ടെന്ന് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസറോട് അവശ്യപ്പെട്ടിട്ടുണ്ട്.

മേൽ കത്ത് ഭരണസമിതിയിൽ ചർച്ച ചെയ്യുകയും 04/05/2022 ലെ 6 (1) തീരുമാന പ്രകാരം അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മറ്റി (വാർഡ് അങ്കണവാടി വെൽഫയർ കമ്മിറ്റി) വിളിച്ച് ചേർത്ത് ഉചിതമായ തീരുമാനം എടുക്കുന്നതിന് പ്രസ്തുത അങ്കണവാടി സ്ഥിതി ചെയ്യുന്ന ഒന്നാം വാർഡ് മെമ്പറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

ബഹു. ജില്ലാ കലക്ടറുടെ നിർദ്ദേശം കോഴിക്കോട് റൂറൽ ശിശുവികസന പദ്ധതി ഓഫീസർ അറിയിച്ചതനുസരിച്ച് 02/04/2022 ന് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മറ്റി ചേർന്നിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ പങ്കെടുത്ത വാർഡ് മെമ്പറും കമ്മറ്റി അംഗങ്ങളും ഒന്നാം വാർഡ് കടലിനോട് ചേർന്ന പ്രദേശമാണെന്നും, നിരവധി വീടുകളും സ്ഥാപനങ്ങളും ഇവിടെ ഉണ്ടെന്നും നാളിതുവരെ യാതൊരു അപകടങ്ങളും ഉണ്ടായിട്ടില്ലെന്നും, മറ്റ് വാർഡുകളിൽ കെട്ടിടം കണ്ടെത്തി അങ്കണവാടിയുടെ പ്രവർത്തനം മാറ്റുകയാണെങ്കിൽ തങ്ങളുടെ കുട്ടികളെ അയയ്ക്കാൻ ബുദ്ധിമുട്ടുണ്ടെന്നും അഭിപ്രായപ്പെട്ടതായി ഐ.സി.ഡി.എസ് സൂപ്പർവൈസർ ശിശുവികസന പദ്ധതി ഓഫീസർക്ക് അയച്ച റിപ്പോർട്ടിൽ പരാമർശിക്കുന്നു. അങ്കണവാടി പ്രവർത്തനം മാറ്റാതിരിക്കാൻ നിർവ്വാഹമില്ലെന്നും, അപകടഭീഷണിയുള്ള കെട്ടിടത്തിൽ ഒരു സർക്കാർ സ്ഥാപനം പ്രവർത്തിക്കാൻ സാധിക്കില്ലെന്നും, ഓരോ കുഞ്ഞുങ്ങളുടെയും, അങ്കണവാടി ജീവനക്കാരുടെയും സുരക്ഷ സർക്കാരിന്റെ ഉത്തരവാദിത്തമായതിനാൽ പ്രസ്തുത കെട്ടിടത്തിൽ നിന്ന് മാറുന്നതിന് എല്ലാവരും സഹകരിക്കണമെന്നും യോഗത്തിൽ അറിയിച്ചതായും, നിലവിലും അങ്കണവാടി കെട്ടിടം പ്രവർത്തിക്കുന്നതിന് കെട്ടിടം ലഭ്യമായിട്ടില്ലെന്നും മേൽ റിപ്പോർട്ട് പ്രകാരം അറിയിച്ചിട്ടുണ്ട്.

അനധികൃതമായ കെട്ടിടത്തിൽ സെന്റർ നം.112 അങ്കണവാടിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുണ്ടായ സാഹചര്യവും, കെട്ടിടത്തിന്റെ പ്രവർത്തനം മാറ്റുന്നതിന് സ്വീകരിച്ച തുടർ നടപടികളും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (31/2022 -23 /20.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

അടിയന്തരമായി സെന്റർ നം.112 കൈതവളപ്പ് അങ്കണവാടിയുടെ പ്രവർത്തനം പരിസരവാസികൾക്കും സൗകര്യപ്രദവും, സുരക്ഷിതവുമായ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ച് തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-32 കോക്ലിയർ ഇംപ്ലാന്റേഷൻ - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | കോക്ലിയർ ഇംപ്ലാന്റേഷൻ തുക കൈമാറൽ |
| പ്രോജക്ടിന്റെ നമ്പർ | 188/23 |
| അടങ്കൽ തുക | 1,50,000/- |
| ചെലവ് തുക | 1,50,000/- |

| | |
|---|---|
| ബിൽസാങ്ഷൻ നം/ തീയതി | 156/28/11/2022 തുക -1,50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പദ്ധതി പ്രകാരം 3 ഗുണഭോക്താക്കൾക്ക് (ദേവനന്ദ യു. ഉള്ളാടേരി, മിത്ര പി, പച്ചാട്ട് ഹൗസ്, അഗത കെ കാക്കാത്തിരി) ഡോക്ടറുടെ നിർദ്ദേശ പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് മേൽ ബില്ല് പ്രകാരം തുക കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥ നേരിൽ അറിയിച്ചതനുസരിച്ച് പ്രസ്തുത പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ല എന്നാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കാത്തതിന് കാരണവും, നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികളും അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (24/2022 23 20.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ച് അറിയിക്കുന്നതുവരെ പദ്ധതിയ്ക്കായി ചെലവഴിച്ച 150000/ – രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. പദ്ധതി പൂർത്തീകരിച്ച് തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-33 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ വിവരം സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 193/23 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലന പദ്ധതി - |
| അടങ്കൽ | 2500000 (1250000 വികസനഫണ്ട് ജനറൽ+ 1250000 മറ്റുള്ളവ ) |
| ചെലവ് | 625000 (വികസനഫണ്ട് ജനറൽ) |
| ബിൽ നം/തീയതി | 4/14-3-23 |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 4-6 മാസം വരെ പ്രായമുള്ള 50 കന്നുകുട്ടികളെ തെരഞ്ഞെടുത്ത് 32 മാസം വരെ ശാസ്ത്രീയ തീറ്റ നൽകി വളർത്തി ആരോഗ്യമുള്ള കാലി സമ്പത്ത് വളർത്തുക എന്നതാണ് ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മുൻനിർത്തി പ്രൊജക്ട് പ്രകാരം 50 കന്നുകുട്ടികളുടെ പരിപാലനത്തിനായി പഞ്ചായത്ത് വിഹിതവും സംസ്ഥാന വിഹിതവുമുൾപ്പെടെയുള്ള വികസന ഫണ്ടിൽ നിന്നും 625,000/- രൂപ മേൽ ബിൽ പ്രകാരം പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീം കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. തുക അസിസ്റ്റന്റ് ഡയറക്ടർ കൈപ്പറ്റിയതിന്റെ രശീതി, നാളിതുവരെയുള്ള വിനിയോഗവിവരം, ഭൗതിക പുരോഗതി റിപ്പോർട്ട് എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ഏപ്രിൽ മാസം 2023 ന് ആരംഭിച്ച കന്നുകുട്ടി പരിപാലന പദ്ധതിയുടെ കാലിത്തീറ്റ വിതരണം സംബന്ധിച്ച് കടലുണ്ടി ക്ഷീരസഹകരണ സംഘം സൂക്ഷിച്ച വ്യക്തിഗത നാൾവഴി പരിശോധിച്ചപ്പോൾ സെപ്റ്റംബർ മാസം 2023 വരെ കന്നുകുട്ടികൾക്ക് തീറ്റ വിതരണം നടത്തിയതായി കണ്ടു. ഇതിൽ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ അവർക്ക് നേരെ കാണിച്ചിരിക്കുന്ന മാസങ്ങൾ വരെ മാത്രമേ തങ്ങളുടെ കന്നുകുട്ടികൾക്ക് തീറ്റ വാങ്ങിയിട്ടുള്ളൂ.

| | | |
|---|---|---|
| 1 | സുമതി കാരങ്ങൽ | മെയ് 2023 |
| 2 | സൗമിനി, പിലാക്കാട്ടു മഠത്തിൽ | ജൂലൈ 2023 |
| 3 | പങ്കജം, അരയൻ തോട്ടത്തിൽ | മെയ് 2023 |
| 4 | ഇന്ദിര ,പടന്നയിൽ | ജൂലൈ 2023 |
| 5 | അതുല്യ, പടന്നയിൽ | ജൂലൈ 2023 |

ഇതിൽ ക്രമ നം. 2, 3 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ ചത്ത് പോയതായി ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ അറിയിച്ചിട്ടുണ്ട്. ക്രമ നം 1,4,5 ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. ക്രമ നം. 2, 3 ഗുണഭോക്താക്കളുടെ കന്നുകുട്ടികൾ ചത്ത് പോയതിനാൽ അവരുടെ കന്നുകുട്ടികൾക്കുവേണ്ടി അടവാക്കിയ തുകയും ക്രമ നം 1,4,5 ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങിയിട്ടുണ്ടെങ്കിൽ അവരുടെ വിഹിതവും പദ്ധതി പൂർത്തീകരിക്കുന്ന കാലയളവിനുള്ളിൽ മറ്റ് ഏതെങ്കിലും ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും പിൻവാങ്ങുകയാണെങ്കിൽ അവരുടെ വിഹിതവും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് മേൽ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതുമാണ്. അതുവരെ ചെലവ് തുക 625000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-34 മാലിന്യ സംസ്കരണ സംവിധാനം പര്യാപ്തമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)-ാം വകുപ്പ്, മൂന്നാം പട്ടിക പ്രകാരം ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ നീക്കം ചെയ്യുന്നത് ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഈ ചുമതലകൾ നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ശുചിത്വ-മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം. 159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന് പൗരന്മാർക്ക് മാലിന്യസംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയ മാലിന്യ പരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ) 2420/2017/ തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണ ക്യാമ്പയിന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുക എന്നതാണ് ഈ ക്യാമ്പയിന്റെ ഉദ്ദേശ ലക്ഷ്യം. ആയതിലേക്കായി പൗരന്മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കർമ്മസേന, ഹരിത സഹായ സ്ഥാപനം, ക്ലീൻ കേരള കമ്പനി, ഹരിത കേരള മിഷൻ എന്നിവയുടെ ചുമതലകൾ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രത്യേകമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. മാലിന്യ സംസ്കരണത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ വ്യക്തമാക്കികൊണ്ട് സ.ഉ(ആർ.ടി) 880/2021/തസ്വഭവ തീയതി 16.04.2021, സ.ഉ (ആർ.ടി) 949/2021/ തസ്വഭവ തീയതി 05.05.2021 എന്നീ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് കരട് ബൈലോ 22.6.2021 ന് പഞ്ചായത്ത് ഭരണസമിതി 9(1) നമ്പറായി അംഗീകരിക്കുകയും 26.7.2022 ന് PAN/254/2022-C5(DP) ഉത്തരവു നടപടികളിലൂടെ പഞ്ചായത്ത് ഡയറക്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ഗ്രാമപഞ്ചായത്തിൽ എം .സി.എഫ് സ്ഥാപിച്ചിട്ടില്ല /സ്ഥാപിച്ച മിനി എം.സി.എഫുകൾ ഉപയോഗയോഗ്യമല്ല

നിലവിൽ എം.സി.എഫ്. പ്രവർത്തിക്കുന്നത് 9ാം വാർഡിലെ കോട്ടക്കുന്നുള്ള സീക്കോ ടൈൽസ് കോമ്പൗണ്ടിലെ താൽക്കാലിക കെട്ടിടത്തിലാണ്. എം.സി.എഫ്. നിറയുമ്പോൾ ഹരിതകർമ്മസേനയുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവെക്കുകയും ക്ലീൻ കേരള കമ്പനി മാലിന്യം നീക്കിയ ശേഷം പുനരാരംഭിക്കുകയും ചെയ്യുന്നതിനാൽ നിശ്ചിത വരുമാനം സേനാംഗങ്ങൾക്ക് ലഭിക്കാതാവുകയും സേനയിൽ പ്രവർത്തിക്കാൻ ആരും താൽപര്യപ്പെടാതാവുകയും ചെയ്യുന്നു. തൊഴിലുറപ്പ് പദ്ധതി മുഖേന 4 വാർഡുകളിലായി മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നാൽ മിനി എം.സി.എഫുകൾ ഉപയോഗയോഗ്യമല്ല.

2)ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നില്ല.

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രിതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകർമ്മസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. സ.ഉ(ആർ.ടി)നം.1496/2020/ തസ്വഭവ 12.08.2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. ഉത്തരവ് പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേനകളുടെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും നേതൃത്വം നൽകേണ്ടതും ഗ്രാമപഞ്ചായത്താണ്. നിലവിൽ ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിലായി 22 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മാലിന്യ സംഭരണത്തിനും സംസ്കരണത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. എന്നാൽ ക്രമനമ്പർ ഒന്നിൽ സൂചിപ്പിച്ചതു പ്രകാരം മാലിന്യ ശേഖരണത്തിന് എം.സി.എഫ് സ്ഥാപിച്ചിട്ടില്ല. കടലുണ്ടി ഗ്രാമപഞ്ചായത്തിലെ അജൈവ മാലിന്യങ്ങളുടെ സംസ്കരണം, ഹരിതകർമ്മസേനയുടെ പ്രവർത്തനം തുടങ്ങിയവ വിലയിരുത്തിയതിൽ ഗ്രാമപഞ്ചായത്തിന്റെ ഇടപെടൽ ക്രിയാത്മകമല്ലെന്ന് കാണുന്നു. ഹരിതകർമ്മസേന സംരംഭകർക്ക് കൃത്യമായി യൂസർ ഫീ ലഭിക്കുന്നതിന് വേണ്ട സാഹചര്യം ഒരുക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. ഇതിനായി പ്രദേശത്തെ വീടുകളും ഗ്രാമപഞ്ചായത്തും ഹരിത കൺസോർഷ്യവും ചേർന്ന് കരാർ വെയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

3. സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പൂർത്തിയായില്ല

ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കുന്നതിനായി 2 പദ്ധതികളിലായി 149055/- രൂപ ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. ആവശ്യത്തിനുള്ള ക്യൂ.ആർ കോഡ് ലഭ്യമാക്കിയതിന് കെൽട്രോണിന് തുക നൽകുന്നതിനും, 9137 ക്യൂ.ആർ കോഡ് വീടുകളിലും, ഷോപ്പുകളിലും, മറ്റ് സ്ഥാപനങ്ങളിലുമായി പതിച്ചതിന് 1 ക്യൂ.ആർ കോഡിന് 15/-രൂപ നിരക്കിൽ ഹരിത കർമ്മസേന അംഗങ്ങൾക്ക് നൽകുന്നതിനുമാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഓഡിറ്റ് കാലയളവ് വരെ ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ്‌വെയർ നിന്നുള്ള ഡാറ്റ പ്രകാരം 15433 കെട്ടിടങ്ങൾക്ക് നമ്പർ നൽകിയിട്ടുണ്ടെങ്കിലും ഫയലിൽ നിന്ന് ലഭ്യമായ വിവരം അനുസരിച്ച് 9137 ക്യൂ.ആർ കോഡുകൾ മാത്രമാണ് പതിച്ചിട്ടുള്ളത്.

4. ക്ലീൻകേരള കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കംചെയ്യുന്നില്ല .

വിവിധ വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങളിൽ റിജക്ടഡ് വേസ്റ്റ് ആയവ

സംഭരണ കേന്ദ്രത്തിൽ നിന്നും സംസ്കരണത്തിനായി നീക്കം ചെയ്യുന്ന പ്രവൃത്തി നടത്തുന്നതിനായി 04/11/2020 ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, ക്ലീൻ കേരള കമ്പനിയുടെ ജില്ലാ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥനും കരാറിൽ ഏർപ്പെട്ടിട്ടുണ്ട് ഇപ്പോഴും ഈ കരാർ തന്നെയാണ് നിലവിലുള്ളത്. പ്രസ്തുത കരാറിലെ 8, 9 വ്യവസ്ഥകൾ പ്രകാരം എം.സി.എഫിൽ അജൈവ പാഴ്വസ്തുക്കളുടെ തരംതിരിക്കൽ കൃത്യമായി നടക്കുന്നു എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനം ഉറപ്പ് വരുത്തേണ്ടതാണെന്നും, ഒരു നിശ്ചിത തൂക്കം (500 കി.ഗ്രാമിൽ കുറയാതെ) ആകുന്ന മുറയ്ക്ക് കമ്പനിയ്ക്ക് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനം രേഖാമൂലം അറിയിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ താൽക്കാലിക എം.സി.എഫിൽ സൗകര്യം ഇല്ലാത്തതിനാലും, ക്ലീൻ കേരള കമ്പനി സമയബന്ധിതമായി മാലിന്യ നീക്കം ചെയ്യാത്തതിനാലും തരംതിരിക്കൽ കൃത്യമായി നടക്കുന്നില്ല. 19/10/23 ന് ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ നിലവിൽ വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച മാലിന്യങ്ങൾ താൽക്കാലിക എം.സി.എഫിൽ കൂട്ടിയിട്ടിരിക്കുന്നതായും, ഹരിതകർമ്മസേന അംഗങ്ങൾ പുറത്ത് വെയിലത്ത് ഇരുന്ന് മാലിന്യങ്ങൾ തരംതിരിക്കുന്നതായും, തരം തിരിച്ച മാലിന്യങ്ങളിൽ പ്ലാസ്റ്റിക്ക് ബോട്ടിലുകൾ തൂക്കം രേഖപ്പെടുത്തി വിലയ്ക്ക് നൽകുന്നതിനായി വാഹനത്തിൽ കയറ്റിയിരിക്കുന്നതായി കണ്ടു.

ക്ലീൻ കേരള കമ്പനി അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിന് എം.സി.എഫിൽ നിന്ന് ശേഖരിച്ച് പന്തീരാങ്കാവിലുള്ള പ്രധാൻ വെയിംഗ് ബ്രിഡ്ജിൽ നിന്ന് അളവ് രേഖപ്പെടുത്തി വെസ്റ്റ്ഹിൽ, താമരശ്ശേരി എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഗ്രീൻവേംസ് എക്കോ സൊല്യൂഷൻ എന്ന സ്ഥാപനത്തിന് കൈമാറുന്നതായി ഫയലിൽ നിന്ന് മനസ്സിലാവുന്നു. ഹരിത കർമ്മസേന ശേഖരിച്ച് എം.സി.എഫിൽ സൂക്ഷിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് ഗ്രാമപഞ്ചായത്ത് നൽകുന്നത് കിലോഗ്രാമിന് 10 രൂപയും 18% ജി.എസ്.ടി ഉൾപ്പടെ 11.80 രൂപയാണ്. മുൻവർഷം നീക്കം ചെയ്യാനുള്ള അജൈവമാലിന്യങ്ങൾ കൂടി നീക്കം ചെയ്യുന്നതിനാണ് ഭരണസമിതി തീരുമാന പ്രകാരം ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറുന്നതിനായി തൻവർഷം 2 പദ്ധതികളിലായി 20,04,938/- രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

29/04/2023 ലെ ഭരണസമിതി തീരുമാന നമ്പർ 1 (3) പ്രകാരം നിലവിൽ ക്ലീൻ കേരള കമ്പനി മുഖേനയാണ് പഞ്ചായത്തിലെ മാലിന്യങ്ങൾ സംസ്കരിക്കപ്പെടുന്നതെന്നും, എന്നാൽ ഇതിനേക്കാൾ ചെലവ് കുറഞ്ഞ ഗ്രീൻവേംസ് പോലുള്ള മാലിന്യ സംസ്കരണ എജൻസികൾ നിലവിലുണ്ടെന്നും ആയതിലേക്ക് സംസ്കരണ ഏജൻസിയെ മാറ്റുന്നതിന് ചർച്ച ചെയ്തുവെങ്കിലും, ആയത് താൽക്കാലം പരിഗണിക്കേണ്ടതില്ലെന്നും ക്ലീൻ കേരള കമ്പനിയുമായി തന്നെ കരാർ പുതുക്കി തുടർനടപടികൾ സ്വീകരിക്കാനും ഭരണസമിതി തീരുമാനിച്ചതായി മിനുട്സിൽ നിന്നും വ്യക്തമാവുന്നു.

കോഴിക്കോട് ജില്ലയിലെ തന്നെ പല ഗ്രാമപഞ്ചായത്തിലും ക്ലീൻ കേരള കമ്പനിയെക്കാൾ ചെലവ് കുറഞ്ഞ സംസ്കരണ എജൻസികളെ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് (ഉദാഹരണം - ചെങ്ങോട്ട്കാവ്, അത്തോളി , ചേമഞ്ചേരി ഗ്രാമപഞ്ചായത്തുകൾ). ചെലവ് കുറഞ്ഞ സംസ്കരണ ഏജൻസികളെ തെരഞ്ഞെടുക്കുകയാണെങ്കിൽ ഈ ഇനത്തിൽ വരുന്ന ചെലവ് കുറയ്ക്കാവുന്നതും, ലഭ്യമാവുന്ന ഫണ്ടുകൾ സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം അനുവദിക്കാവുന്ന മറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉപയോഗിക്കാവുന്നതും അധിക ചെലവ് ഒഴിവാക്കാവുന്നതുമാണെന്നിരിക്കെ ക്ലീൻ കേരള കമ്പനിയുമായി തന്നെ കരാർ പുതുക്കി തുടർ നടപടികൾ സ്വീകരിക്കാൻ ഭരണസമിതി തീരുമാനിച്ചതിന്റെ യുക്തി മനസ്സിലാവുന്നില്ല. മാത്രമല്ല നിലവിൽ ക്ലീൻ കേരള കമ്പനി അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഗ്രീൻവേംസ് എക്കോ സൊല്യൂഷൻ എന്ന സ്ഥാപനത്തിന് കൈമാറുന്നതായി ഫയലിൽ നിന്ന് തന്നെ വ്യക്തമാണ്.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (22/2022-23 / 19.10.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുക, വാർഡുകൾ തോറും മിനി എം.സി.എഫുകൾ സ്ഥാപിക്കുക മാലിന്യം യഥാസമയം എം.സി.എഫുകളിൽ എത്തിക്കുന്നതിനും അവിടെ നിന്ന് നീക്കം ചെയ്യുന്നതിനും നടപടി സ്വീകരിക്കുക എന്നിവ നടപ്പിലാക്കേണ്ടത് അജൈവ മാലിന്യങ്ങളുടെ സംസ്കരണം കാര്യക്ഷമമാക്കുന്നതിന് അനിവാര്യമാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് ഹരിത കേരള മിഷന്റെ പ്രഖ്യാപിത ലക്ഷ്യമായ മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് (മാലിന്യം പൂർണ്ണമായി ഇല്ലാതാക്കുക) എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-35 ഹോമിയോ ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ -മുഴുവൻ മരുന്നും ലഭ്യമായില്ല

താഴെ കൊടുത്തിരിക്കുന്ന പ്രോജക്കുകൾ മുഖേന ഹോമിയോ മെഡിക്കൽ ഓഫീസർ ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്കും, എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയിലേക്കും ആവശ്യമായ മരുന്നുകൾ വാങ്ങാനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡിന് തുക കൈമാറിയിട്ടുണ്ട്. ഹോംകോയുമായി വച്ച എഗ്രിമെന്റ് (HCO/SA/707/2023 Dt: 5-05-23) പ്രകാരം തുക കൈപ്പറ്റി 9 മാസത്തിനുള്ളിൽ ഹോംകോ മരുന്ന് ലഭ്യമാക്കേണ്ടതാണ്. എന്നാൽ മുഴുവൻ തുകയ്ക്കുള്ള മരുന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം/പേര് | കൈമാറിയ തുക | ബിൽ സാങ്ഷൻ നം/തീയ്യതി | ഓഡിറ്റ് തിയ്യതി വരെ ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|
| 23/23 ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 400000 | 206/20-12-22 | 37550 | 362450 |
| 24/23 എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 400000 | 207/20-12-22 | 93193 | 306807 |
| ആകെ | 800000 | | 130743 | 669257 |

എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധി കഴിഞ്ഞിട്ടും ബാക്കിയുള്ള തുകയ്ക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല.

ബാക്കിയുള്ള 669257 (800000-130743) രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (14/18-10-23) മറുപടി നൽകിയിട്ടില്ല. ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതുവരെ 669257 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

1-36 കെ.എം.സി.എല്ലിൽ നിന്ന് മെഡിക്കൽ ഉപകരണങ്ങൾ ,മരുന്ന് എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല .

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ വിവിധ പദ്ധതികളിൽ മെഡിക്കൽ ഉപകരണങ്ങൾ, മരുന്ന് എന്നിവ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ കോർപ്പറേഷന്റെ ലിമിറ്റഡിൽ നിന്നും പെർഫോർമ, എൻ.എ.സി. സർക്കാർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിവരെ മെഡിക്കൽ ഉപകരണങ്ങൾ, മരുന്ന് എന്നിവ പൂർണ്ണമായും ലഭ്യമായിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി.എച്ച്.സി ചാലിയം

| ക്രമ നം | 1 | 2 | 3 | 4 |
|---|---|---|---|---|
| പ്രോജക്ട് നം | 264/23 | 20/22-23 | 106/23 | 19/23 |
| പ്രോജക്ടിന്റെ പേര് | ആരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | കുടുംബാരോഗ്യകേന്ദ്രത്തിലെ ഫാർമസിയിലേക്ക് മരുന്നുകൾ വൈറ്റമിൻ സപ്ലിമെന്റുകൾ, പ്രോട്ടീൻ സപ്ലിമെന്റുകൾ വാങ്ങൽ | എഫ്.എച്ച്.സി ലാബ് ഫാർമസി പ്രവർത്തനം | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 293019 (ഹെൽത്ത് ഗ്രാന്റ്) | 399551 മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 294449/മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 1200000 വികസന ഫണ്ട് ജനറൽ |
| ചെലവ് | 200034 | 399551 | 294378 | 1157625 |

ക്രമനം 1 പെർഫോർമ ഇൻവോയിസ് 111/22-23/7/12/22,162/22-23/20/01/23 എന്നിവ പ്രകാരം Electrolyte Analyser,Binocular Microscope Type III എന്നിവ ലഭ്യമാക്കുന്നതിന് വേണ്ടി ബിൽ സാങ്ഷൻ നം.213/20/12/22 പ്രകാരവും, 282/30/ 01/23 പ്രകാരവും യഥാക്രമം 86362/-, 24545/- രൂപ നൽകിയിട്ടുണ്ട് . എന്നാൽ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല.

ക്രമനം 2 പെർഫോർമ ഇൻവോയിസ് 972/22-23/08/08/22 പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് ബിൽ സാങ്ഷൻ നം.77/22/08/22 പ്രകാരം 100000/-രൂപ നൽകി നാളിതുവരെ 99685/-രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ട് 315/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.

ക്രമനം 3. പെർഫോർമ ഇൻവോയിസ് 897/22-23/04/08/22, 2776/22-23/ 05/12/22 പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് ബിൽ സാങ്ഷൻ നം.81/22/ 08/22 പ്രകാരം 9415/-രൂപയും, ബിൽ

സാങ്ഷൻ നം.198/07/12/22 പ്രകാരം 60000/-രൂപയും നൽകി നാളിതുവരെ 3195/-രൂപയുടെയും, 49963/-രൂപയുടെയും മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ട്. 6220/-രൂപയുടെയും, 10037 രൂപയുടെയും മരുന്ന് ലഭിക്കാനുണ്ട്.

ക്രമനം 4. പെർഫോർമ ഇൻവോയിസ് 5494/22-23/20/03/23 പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിന് ബിൽ സാങ്ഷൻ നം.531/28/03/22 പ്രകാരം 70000/-രൂപ കെ.എം.സി.എല്ലിന് നൽകിയിട്ടുണ്ട്. ആയതിൽ 18114/-രൂപയുടെ മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടുണ്ട്. 51886/-രൂപയുടെ മരുന്ന് ലഭിക്കാനുണ്ട്.

മേൽ പ്രതിപാദിച്ച പദ്ധതികളിൽ മെഡിക്കൽ ഉപകരണങ്ങൾ, മരുന്ന് എന്നിവ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ കോർപ്പറേഷൻന്റെ ലിമിറ്റഡിൽ നിന്നും ആകെ നൽകിയ 1,10,907/-രൂപയുടെ 2 മെഡിക്കൽ ഉപകരണങ്ങളും, 68458/- രൂപയുടെയും മരുന്നുകൾ ലഭിക്കാനുള്ളതായി കാണുന്നു. കേരള മെഡിക്കൽ കോർപ്പറേഷൻന്റെ ലിമിറ്റഡിൽ മെഡിക്കൽ ഉപകരണങ്ങളും മരുന്നും ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 30/2022 -23 /20.10.2023 ) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഉപകരണങ്ങളും, മരുന്നുകൾ ലഭിക്കാനുള്ളതിനാൽ മേൽ 4 പദ്ധതികളിലായി ഇവയ്ക്കായി ചെലവഴിച്ച 179365/- *രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.* മെഡിക്കൽ ഉപകരണങ്ങളും, മരുന്നുകളും ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-37 അമൃതം ന്യൂട്രിമിക്സ് ബില്ല് - സ്രോതസിൽ നിന്നും ജി.എസ്.ടി .ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായ അങ്കണവാടി പോഷകാഹാര (ജനറൽ) പദ്ധതികൾ പ്രകാരം യോഗസിദ്ധ ഹെർബൽ പ്രൊഡക്ട്സ് കായണ്ണ, ജീവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഒളവണ്ണ എന്നീ സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം 'അമൃതം ഫുഡ്' 2.5% CGSTയും, 2.5% SGST യും ഉൾപ്പെടെ നല്കി വാങ്ങിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ സ്രോതസിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് ആയി ഈടാക്കി സർക്കാരിലേക്ക് അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല.

അമൃതം ഫുഡ് വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തിയതി | CGST, SGST (5%) ഉൾപ്പെടെയുള്ള തുക | ന്യൂട്രിമിക്സിന് അനുവദിച്ച ബിൽ തുക | തുക കൈ മാറിയ സ്ഥാപനം | ഈടാക്കേണ്ട ജി.എസ്.ടി ടി.ഡി.എസ് | തുക/ബിൽ സാങ്ഷൻ നമ്പർ/ |
|---|---|---|---|---|---|---|
| 142 | 4/7/22 | 127043 | 127043 | യോഗസിദ്ധ ഹെർബൽ പ്രൊഡക്ട്സ് കായണ്ണ | 2541 | 1/22-23 /28/8/22- 15,00,000 |
| 139 | 8/6/22 | 108889 | 108889 | | 2178 | |
| 135 | 30/4/22 | 90330 | 81082 | | 1622 | |
| 144 | 30/7/22 | 126567 | 126567 | | 2531 | 3/22-07/12/22- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 147 | 30/8/22 | 122561 | 122561 | | 2451 | 986748/- |
| 073 | 20/10/22 | 141156 | 134435 | ജീവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഒളവണ്ണ | 2689 | |
| 076 | 21/11/22 | 141414 | 134680 | | 2693 | |
| 079 | 31/12/22 | 139576 | 139576 | | 2792 | 14/22-23-144703 |
| 135 | 30/4/22 | 90330 | 9248 | യോഗസിദ്ധ ഹെർബൽ പ്രൊഡക്ട്സ് കായണ്ണ | 185 | 91/30/08 /22-165537 |
| 131 | 26/3/22 | 148176 | 148176 | | 2964 | |
| 073 | 20/10/22 | 141156 | 6721 | ജീവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഒളവണ്ണ | 134 | 342/26/02/23 465409/- |
| 076 | 21/11/22 | 141414 | 6734 | | 135 | |
| 084 | 20/1/23 | 139025 | 139025 | | 2781 | |
| 085 | 3/3/23 | 137040 | 137040 | | 2741 | 487/24/3/23 729728/- |
| | | | 14,21,777 | | 28437 | |

CGST ആക്ട് 2017 ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017 ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം യോഗസിദ്ധ ഹെർബൽ പ്രൊഡക്ട്സ് കായണ്ണ, ജീവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഒളവണ്ണ എന്നീ സ്ഥാപനങ്ങളിൽ 'അമൃതം ഫുഡ് വാങ്ങിയപ്പോൾ SGST, CGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കാതെ മുഴുവൻ തുകയും അനുവദിച്ചതായി കാണുന്നു. സ്രോതസിൽ നിന്നും ആകെ മൂല്യം 2.5 ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 1% വീതം ആകെ 2% നികുതി ഈടാക്കാത്തതിന് കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി ( 23/2022 -23 /19.10.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

SGST, CGST ഇനങ്ങളിൽ ടി.ഡി.എസ് ആയി 1% വീതം ആകെ 2% നികുതി ഈടാക്കി സർക്കാരിലേക്ക് അടവാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-38 ന്യൂട്രിമിക്സ് - ലാബ് പരിശോധന റിപ്പോർട്ട് ലഭ്യമല്ല

അങ്കണവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2022-23 സാമ്പത്തിക വർഷം 26,99,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽ യോഗസിദ്ധ ഹെർബൽ പ്രൊഡക്ടസ് കായണ്ണ, ജീവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഒളവണ്ണ എന്നീ സ്ഥാപനത്തിൽ നിന്ന് ന്യൂട്രിമിക്സ് (THRS) വാങ്ങുന്നതിന് 14,21,777/- രൂപ ചെലഴിച്ചിട്ടുള്ളത്. എന്നാൽ ന്യൂട്രിമിക്സ് ഗുണനിലവാരം പരിശോധിച്ചതിന്റെ ലാബ് പരിശോധന റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം. | തിയതി | ന്യൂട്രിമിക്സിന് അനുവദിച്ച ബിൽ തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|---|
| 142 | 4/7/22 | 127043 | യോഗസിദ്ധ ഹെർബൽ പ്രൊഡക്ടസ് കായണ്ണ |
| 139 | 8/6/22 | 108889 | |
| 135 | 30/4/22 | 81082 | |
| 144 | 30/7/22 | 126567 | |
| 147 | 30/8/22 | 122561 | |
| 073 | 20/10/22 | 134435 | ജീവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഒളവണ്ണ |
| 076 | 21/11/22 | 134680 | |
| 079 | 31/12/22 | 139576 | |
| 135 | 30/4/22 | 9248 | യോഗസിദ്ധ ഹെർബൽ പ്രൊഡക്ടസ് കായണ്ണ |
| 131 | 26/3/22 | 148176 | |
| 073 | 20/10/22 | 6721 | ജീവാമൃതം ന്യൂട്രിമിക്സ് യൂണിറ്റ് ഒളവണ്ണ |
| 076 | 21/11/22 | 6734 | |
| 084 | 20/1/23 | 139025 | |

| | | | |
|---|---|---|---|
| 085 | 3/3/23 | 137040 | |
| | | 14,21,777 | |

02.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച് സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ അംഗീകരിച്ചിട്ടുണ്ട്. അതിൽ, ലാബ് ടെസ്റ്റ് നടത്തി ഗുണമേന്മ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അങ്കണവാടികൾ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യമിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വിതരണം ചെയ്താൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 5/06/2010, 01/02/2010 എന്നീ തിയ്യതികളിലെ ഐ.സി.ഡി.എസ്. ബി3-312/2010, എന്നീ കത്തുകളിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ, കടലുണ്ടി ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിയിൽ 2022-23 സാമ്പത്തിക പോഷകാഹാരത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഗുണനിലവാരം ഉറപ്പിക്കാതെയാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങി അങ്കണവാടികളിൽ കുട്ടികൾക്ക് വിതരണം ചെയ്തിരിക്കുന്നത്. പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, റിപ്പോർട്ടും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (26/2022 -23 /20.10.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പോഷകാഹാരത്തിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പിക്കാതെ ന്യൂട്രിമിക്സ് നൽകുന്നതിനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതും, ലാബ് റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-39 ഗ്രാമപഞ്ചായത്ത് ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചതിൽ അപാകത

2022-23 സാമ്പത്തിക വർഷത്തിൽ കടലുണ്ടി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 04/2020 മുതൽ 03/2022 വരെയുള്ള യാത്രാബത്തയായി 1,10,307 രൂപ അനുവദിച്ചിട്ടുണ്ട്. ബില്ലുകൾ പാസാക്കിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| തീയതി | വൗച്ചർ നമ്പർ | അനുവദിച്ച തുക | പേയ്മെന്റ് ഓർഡർ നമ്പർ | ടി.എ അനുവദിച്ച കാലയളവ് |
|---|---|---|---|---|
| 28.09.2022 | 42200327 | 41,415 | 62240099600431 | 4/2020 മുതൽ 03/2021 വരെ |
| 31.03.2023 | 42200779 | 68,892 | 62240099600999 | 4/2021 മുതൽ 03/2022 |

| | | | | |
|---|---|---|---|---|
| | | | | വരെ |
| ആകെ | | 1,10,307 | | |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53(ബി)6 പ്രകാരം ഔദ്യോഗിക യാത്ര നടത്തിയതിന്റെ തൊട്ടടുത്ത മാസം മുതൽ ജീവനക്കാരന് യാത്രാബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്. യാത്രാബത്തക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം ജീവനക്കാരൻ ആയത് ക്ലെയിം ചെയ്യേണ്ടതാണ്. ടൂർ ഡയറി/ നോട്ട് മുഖേന ജീവനക്കാരൻ യാത്രാബത്ത ക്ലെയിം ചെയ്യുന്ന മുറക്കാണ് ആയത് അനുവദിക്കേണ്ടത്. ILGMS ൽ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ ടൂർ ഡയറി അപ് ലോഡ് ചെയ്തതായി കാണുന്നില്ല. ഇതിൽ നിന്നും ടൂർ ഡയറി സമർപ്പിച്ച് ടി.എ. ക്ലെയിം ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ യാത്രാമാർഗ്ഗം, നിരക്ക് എന്നിവ നിശ്ചയിച്ചതെങ്ങനെയെന്നത് വ്യക്തമല്ല.

നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ ടി.എ ഇനത്തിൽ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വ്യക്തമായ വിശദീകരണം നൽകേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോട്ടക്കുന്ന് അംഗൻവാടി നിർമ്മാണം -സ്റ്റീലിന്റെ കോയിഫിഷ്യന്റ് തെറ്റായി കണക്കാക്കി -അധിക ചെലവ്

നിർവ്വഹണം: അസി.എഞ്ചിനീയർ

പ്രോജക്ട് നം.: 78/23 കോട്ടക്കുന്ന് അംഗൻവാടി കെട്ടിട നിർമ്മാണം

അടങ്കൽ (ഓഡിറ്റ് വർഷം) : 16,88,795/-(150000/- തനതുഫണ്ട്, 1538795/-ബ്ലോക്ക് വിഹിതം)

ചെലവ് : 97,846/-രൂപ(വൗ.നം.22200391/31.8.22) തനതുഫണ്ട്

പ്രോജക്ട് നമ്പർ : 246/23

അടങ്കൽ : 11,00,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്

(ബിൽ നം.114/22.9.22-10,59,000/-, 200/8.12.22 – 41,000/-)

ഈ പ്രവൃത്തിയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ഖണ്ഡിക 1- ... നൽകിയത് ശ്രദ്ധിച്ചാലും. പ്രവൃത്തിയുടെ അളവു പുസ്തകം 221/20-21 പേജ് 3, 10എന്നിവയിൽ പ്ലിന്ത് ബീം, ലിന്റൽ എന്നിവയ്ക്കായി ഉപയോഗിച്ച 10mm, 8mm സ്റ്റീൽ കമ്പികളുടെ അളവു രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയുടെ കാൽക്കുലേഷനിൽ രണ്ടിനം കമ്പികൾക്കും കോയിഫിഷ്യന്റ് ആയി രേഖപ്പെടുത്തിയത് ഒരേ തുകയാണ്(0.617). ഇതേ അളവു പുസ്തകത്തിൽ തുടർന്നുള്ള നിർമ്മാണങ്ങളിൽ 8mmകമ്പിയുപയോഗിച്ചിടത്തെല്ലാം കോയിഫിഷ്യന്റായി ഉൾപ്പെടുത്തിയത് 0.395ആണ്. പ്ലിന്ത് ബീം, ലിന്റൽ എന്നിവയുടെ കാൽക്കുലേഷനിൽ ഇപ്രകാരം 0.617തെറ്റായി ഉൾപ്പെടുത്തിയതിനാൽ സ്റ്റീലിന്റെ അളവിൽ വർധനവുണ്ടാകുകയും അധിക ചെലവിന് കാരണമാകുകയും ചെയ്തു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| അളവു പുസ്തകം പേജ് | കണക്കാക്കിയത് | കണക്കാക്കേണ്ടത് | അധിക അളവ് |
|---|---|---|---|

| | | | |
|---|---|---|---|
| പേജ് 3 | 206 X 0.69x0.617=87.7 | 206 X 0.69x0.395=56.145 | 31.55 |
| പേജ്10 | 206 X 0.56x0.617=71.177 | 206 X 0.56x0.395=45.567 | 25.61 |
| | 64x1.25x0.617=49.36 | 64x1.25x0.395 =31.6 | 17.76 |
| | 70x0.72x0.617=31.097 | 70x0.72x0.395 =19.908 | 11.189 |
| | 38x0.72x0.617=16.881 | 38x0.72x0.395 =10.807 | 6.074 |
| | 11x0.72x0.617=4.887 | 11x0.72x0.395 =3.128 | 1.759 |
| | 7x10.4x0.617=44.918 | 7x10.4x0.395 =28,756 | 16.162 |
| | 4x11.51x0.617=28.407 | 4x11.51x0.395 =18.186 | 10.221 |
| | 4x3.08x0.617=7.601 | 4x3.08x0.395 =4.866 | 2.735 |
| | 4x7.12x0.617=17.572 | 4x7.12x0.395 =11.25 | 6.322 |
| ആകെ സ്റ്റീൽ അളവ് | | | 129.382 |

മേൽ വിവരിച്ച പ്രകാരം അധികമായി കണക്കാക്കിയ129.382കി.ഗ്രാം സ്റ്റീലിന് 74.18/-രൂപ നിരക്കിൽ 9597.56/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ്.

3-2 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - ടെണ്ടർകുറവ് ഈടാക്കിയില്ല

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെലവു നടത്തിയ താഴെ ചേർത്ത പ്രവൃത്തി പരിശോധിച്ചതിൽ പദ്ധതി വർഷങ്ങൾക്കു മുമ്പേ ആരംഭിച്ചതാണെന്ന് മനസ്സിലാകുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നം./പേര് | 123/23 പുളയറുമ്പൻ ഫുട്പാത്ത് |
| രൂപീകരിച്ച വർഷം | 2019-20 |
| കരാറുകാരൻ/ക്വാട്ട് ചെയ്ത നിരക്ക് | കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി<br>4.31% കുറവ് |
| പ്രവൃത്തി പൂർത്തീകരണ കാലയളവ് | ആറു മാസം |
| എഗ്രിമെന്റ് വിശദാംശം | 26/19-20/12.11.19 |
| അളവ് പുസ്തകം | 140/22-23 |
| പ്രവൃത്തി ആരംഭിച്ചത് | 4.5.22 |
| പ്രവൃത്തി പൂർത്തീകരിച്ചത് | 30.5.22 |
| ബിൽ വിശദാംശം | 126667/-ബിൽ നം.456/20.3.23 |

മേൽ പ്രവൃത്തിയ്ക്കായി കരാർ ചമച്ച ശേഷം രണ്ടര വർഷങ്ങൾക്ക ശേഷമാണ് പ്രവൃത്തി ആരംഭിക്കുന്നത്. 2022-23 കാലയളവിൽ ആരംഭിച്ച് പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും(പിഴ കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ലഭ്യമല്ല), ടെണ്ടറിൽ കുറവു ക്വട്ട് ചെയ്തിരുന്ന 4.31% ബിൽ തുകയിൽ കുറവു വരുത്തിയിട്ടില്ല. ടെണ്ടർ കുറവ് കണക്കാക്കാത്തതിനാൽ ഉണ്ടായ അധിക ചെലവിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.

| നൽകിയ തുക | നൽകേണ്ട തുക |
|---|---|
| Total Value Of Work Done – 113095<br>Add GST 12% -13572<br>Recoveries,<br>IT 2% - 2262<br>GST 2% – 2262<br>KCWWF – 1131<br>Fine – 22435<br>28090<br>Net To Contractor - 98577/- | Total Value Of Work Done – 113095<br>Less 4.31% - 4874.42<br>108221.27<br>Add GST 12% -12986.55<br>Recoveries,<br>IT 2% - 2165<br>GST 2% – 2165<br>KCWWF – 1082<br>Fine – 22435<br>27847<br>Net To Contractor - 93361/- |
| കരാറുകാരന് അധികം നൽകിയത് - 5216/- | |

പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടായപ്പോഴും ഏറ്റെടുത്ത സ്ഥാപനത്തോട് ഇതിനെ സംബന്ധിച്ച് ആരാഞ്ഞതായോ, നോട്ടീസ് നൽകിയതായോ ഫയലിൽ കാണുന്നില്ല. ടെണ്ടർ കുറവ് കണക്കാക്കാത്തതിനാലുണ്ടായ 5216/- രൂപയുടെ അധിക ചെലവ് ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 പ്ലിന്ത് ലെവലിനുള്ള നിർമ്മാണത്തിന് സൂപ്പർ സ്ട്രച്ചറിനുള്ള ഇനം നൽകിയതിനാൽ അധിക ചെലവ്

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രോജക്ട് : 156/23 ആയുർവേദ ഡിസ്പെൻസറി മെയിന്റനൻസ്

അടങ്കൽ : 3,00,000/- സംരക്ഷണ ഗ്രാന്റ് റോഡിതരം

ചെലവ് : 2,61,847/-ബിൽ നം.570/29.3.23

ആയുർവേദ ഡിസ്പെൻസറിയുടെ കോമ്പൗണ്ട് വാൾ നിർമ്മാണമാണ് ഈ പ്രവൃത്തിയിൽ

പ്രധാനമായും ഉൾപ്പെട്ടത്. നിലവിലുള്ള കെട്ട് പൊളിച്ച് മാറ്റി, മണ്ണെടുത്ത് ഡി.ആർ. ഫൗണ്ടേഷനും, ആർ.ആർ. തറയും നൽകി അതിന് മുകളിൽ ലാറ്ററേറ്റ് നിർമ്മാണമാണ് എസ്റ്റിമേറ്റിലുള്ളത്. ആർ.ആർ. മേസൻറിയ്ക്കായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയത് DAR ലെ ഇനം 7.2.1 ആണ്. ഇതിന്റെ വിവരണം പരിശോധിച്ചാൽ അഞ്ചാം നില വരെയുള്ള പ്ലിന്തിനു മുകളിലെ സൂപ്പർസ്ട്രക്ച്ചറിന്റെ നിർമ്മാണത്തിനുള്ളതാണെന്ന് വ്യക്തമാകുന്നു. ഇ.എം ബുക്കിലെ രേഖപ്പെടുത്തലുകൾ പരിശോധിച്ചാൽ ഡി.ആർ ഫൗണ്ടേഷനു മുകളിൽ ശരാശരി 30cm മുതൽ 40cm വരെ ഉയരത്തിലുള്ള നിർമ്മാണമാണ് നടന്നിട്ടുള്ളത്. അതായത് പ്ലിന്ത് നിർമ്മാണം. ഈ പ്രവൃത്തിയ്ക്ക് ഐറ്റം 7.1.1ഉപയോഗപ്പെടുത്താതെ 7.2.1 ഉപയോഗപ്പെടുത്തിയതെന്തെന്ന് വ്യക്തമല്ല. ആയത് വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. തെറ്റായ ഇനം ഉൾപ്പെടുത്തിയതിനാൽ ഉണ്ടായ അധിക ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

| നൽകിയ തുക<br>ഐറ്റം 7.2.1 (കോസ്റ്റ് ഇൻഡക്സ് - 36.44%) | നൽകേണ്ട തുക<br>ഐറ്റം 7.1.1 |
|---|---|
| 7.206$m^3$ X 8944.13 = 64451.4 | 7.206$m^3$ X 7249.94 = 52243.07 |
| അധിക ചെലവ് - 12208.33/- | |

മുകളിൽ വിവരിച്ച രീതിയിൽ അധികമായി ചെലവഴിച്ച തുക തെറ്റായ ഇനം ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3-4 മഠത്തിൽപടി ഗ്രാമ്പ്യ റോഡ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് നമ്പർ 80/23 ആയി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ 105 മീറ്റർ നീളത്തിൽ ഡ്രൈനേജ് നിർമ്മാണവും(ഇരു ഭാഗവും കരിങ്കൽ ഭിത്തി കെട്ടി), അതേ നീളത്തിലുള്ള റോഡിന്റെ എംബാങ്ക്മെന്റ് നിർമ്മാണവും, അതിനുമുകളിൽ 10cmകനത്തിൽ ക്വാറിമക്ക് ഫിൽ ചെയ്യുന്നതിനുമാണ് വിഭാവനം ചെയ്തിരുന്നത്. ഡ്രൈനിനായി 60cm വീതിയിൽ 30cmആഴത്തിൽ മണ്ണെടുക്കുന്നതിനുള്ള പ്രൊവിഷനാണ് നൽകിയിരുന്നതെങ്കിലും, അളവു പുസ്തക പ്രകാരം 1.5മീറ്റർ വീതിയിൽ 30cmആഴത്തിൽ മണ്ണെടുക്കുകയാണ് ചെയ്തത്. തുടർന്ന് 1.5മീറ്റർ വീതിയിലും കരിങ്കൽ പാകി. അതിനുമുകളിൽ ഇരു ഭാഗത്തായി കരിങ്കൽ ഭിത്തി നിർമ്മിച്ചു. ഓഡിറ്റ് വർഷം ഈ പദ്ധതിയ്ക്കായി 37885/-രൂപയാണ് ചെലവഴിച്ചത്(ബിൽ നം. 23/30.5.22). നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ കൊടുക്കുന്നു.

- മേൽ വിവരിച്ച പ്രകാരം കരിങ്കൽ പാകുന്നതിനും, ഭിത്തി നിർമ്മിക്കുന്നതിനും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഒരിനം തന്നെയാണ് ഉപയോഗപ്പെടുത്തിയത്.(എസ്റ്റിമേറ്റിൽ ODആയിട്ടാണ് ഇനം ഉൾപ്പെടുത്തിയത്. പരിശോധിച്ചതിൽ ഇനം 60.7.1 ന്റെ നിരക്കാണെന്ന് കാണുന്നു) കരിങ്കൽ പാകുന്നതിന് താരതമ്യേന കുറഞ്ഞ നിരക്കുള്ള ഇനം (DR Packing-60.7.2)ലഭ്യമായിരിക്കെ ആയത് ഉപയോഗപ്പെടുത്താതെ രണ്ട് പ്രവൃത്തിയ്ക്കും ഒരേയിനം ഉപയോഗപ്പെടുത്തിയതെന്തുകൊണ്ടെന്ന് വ്യക്തമല്ല. പാക്കിംഗിനുള്ള ഇനം ഉൾപ്പെടുത്താത്തതിനാൽ താഴെ ചേർക്കും വിധം അധിക ചെലവുണ്ടായിട്ടുണ്ട്.

| ചെയ്ത അളവ്/നൽകിയ തുക | ഇനം ഉൾപ്പെടുത്തിയിരുന്നെങ്കിൽ വരുമായിരുന്ന ചെലവ്(Costindex -31.06%) |
|---|---|
| 23.985$m^3$ X2620.47=62851.97 | 23.985$m^3$ X2018.26 =48407.97 |

| അധിക ചെലവ് - 14444/- |
|---|

. അളവു പുസ്തകം 222/21-22 പ്രകാരം ഐറ്റം 3.5.1ൽ ഉൾപ്പെടുത്തി 60.465m$^3$ മണ്ണ് ഡ്രൈൻ നിർമ്മാണത്തിനായി കുഴിച്ചെടുത്തിട്ടുണ്ട്. ഡ്രൈൻ നിർമ്മാണത്തെ തുടർന്ന് ചേർന്നുള്ള റോഡിന്റെ എംബാങ്ക്മെന്റ് നിർമ്മാണം നടത്തിയപ്പോൾ കുഴിച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്തിയില്ല. അളവു പുസ്തക പ്രകാരം എംബാങ്ക്മെന്റ് നിർമ്മാണം നടന്നത് 43.303m$^3$ അളവിലാണ്. നിർമ്മാണത്തിനാവശ്യമായ മണ്ണ് ഇവിടെ തന്നെ ലഭ്യമായിട്ടും ആയത് ഉപയോഗപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമല്ല. എംബാങ്ക്മെന്റ് നിർമ്മാണത്തിനായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനം 3.4 ആണ്. ഈയിനത്തിന്റെ ഡാറ്റ പരിശോധിച്ചാൽ 1M$^3$ നിർമ്മാണത്തിനാവശ്യമായ 266.51രൂപയിൽ(CPOH, Cost Index ഉൾപ്പെടുത്താതെ)209.51രൂപയും മണ്ണിന്റെ വിലയും, മണ്ണ് ലോഡിംഗ്/അൺലോഡിംഗ് ചെയ്യുന്നതിനുള്ള നിരക്കാണ്. ഈ പ്രവൃത്തിയിൽ ആവശ്യമായ മണ്ണ് സൈറ്റിൽ തന്നെ ലഭ്യമായിരുന്നതിനാൽ(കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗക്ഷമമല്ലാത്തത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലൊന്നും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല) ഈ പ്രവൃത്തിയ്ക്ക് CPOH, Cost Index ഉൾപ്പെടെ 90.39/-രൂപ നിരക്കേ ആവശ്യമായി വരുന്നുള്ളൂ. ഈ വിധം 43.303m$^3$ അളവ് പ്രവൃത്തിയ്ക്ക് ഏകദേശം 2468.27/-രൂപ മാത്രം വേണ്ടിടത്താണ് ഈയിനത്തിന് 409.01 രൂപ നിരക്കിൽ 17711.36/-രൂപ ചെലവഴിച്ചത്. ഇപ്രകാരം 15,243/-രൂപ അനാവശ്യമായി ചെലവഴിച്ചു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചില്ല. മുകളിൽ വിവരിച്ച രീതിയിൽ തെറ്റായ ഇനത്തിലുൾപ്പെടുത്തി അളവു രേഖപ്പെടുത്തിയതിനാലും, ലഭ്യമായ മണ്ണ് പ്രവൃത്തിയ്ക്ക് ഉപയോഗപ്പെടുത്താതിരുന്നതിനാലും ഉണ്ടായ അധിക ചെലവു തുക ആകെ 29687/-രൂപ എസ്റ്റിമേറ്റ് തയ്യാറാക്കി അളവു രേഖപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2022-23 | 16.10.2023, 17.10.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2022-23 | 2,43,480 | ഞങ്ങളും കൃഷിയിലേക്ക്-വെർട്ടിക്കൽ ഗാർഡൻ | 2,43,480 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നൂതന പദ്ധതി | | |
| | 2022-23 | 3,20,000 | ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം-പൊതുവിഭാഗം | 3,20,000 | 0 |
| പഞ്ചായത്ത് | 2022-23 | 8,00,000 | ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണം-പട്ടികജാതി | 8,00,000 | 0 |
| | 2022-23 | 7,80,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 7,80,000 | 0 |
| | 2022-23 | 2,54,000 | പാലിന് സബ്സിഡി ജനറൽ | 2,54,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,60,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 2,60,000 | 0 |
| | 2022-23 | 50,000 | പാലിന് സബ്സിഡി ജനറൽ | 50,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | സാമ്പ | തൻ | വർഷാരം | തൻവർഷം | വർഷാവ |
|---|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നം/ തിയ്യതി | ത്തിക വർഷം | വർഷം എടു ത്ത വായ്പ തുക | ഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയു ണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു. ആർ.ഡി. എഫ്.സി ലോൺ | | 2022-23 | - | 81,55,680 | 15,34,593 | | 66,21,087 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,500 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് സ്പിന്നിങ്ങ് മിൽ ലിമിറ്റഡ്, മലപ്പുറം ഓഹരി | | | 1000 | |

| | | | | | |
|---|---|---|---|---|---|
| 2 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി, ഓഹരി | 18.3.1989 | | 2500 | |
| ആകെ | | | | 3,500 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 13,786/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 12.08.2022 ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിയ സേവനപുസ്തക പരിശോധന ക്യാമ്പിൽ പ്രജിലകുമാരി.എൻ.ടിക്ക് ഇൻക്രിമെന്റ് അധികം നൽകിയത് തിരികെഈടാക്കിയത് | | 5118 | ശ്രീമതി.പ്രജിലകുമാരി. എൻ.ടി, സീനിയർ ക്ലാർക്ക് | 1220000760, Dtd-22.11.2022 |
| 2021-22 | 1-16 | 8668 | ശ്രീ.സെയ്തലവി.പി.എൻ ക്ലാർക്ക് | 1220107971, Dtd-27.03.2023 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം |
|---|---|---|
| 1999-00, 61(6) | 2003-04, 11.13.2.3 | പൊതു പരാമർശം - വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല |
| 1999-00, 42 | 2003-04, 11.13.5.16 | മൈത്രീ ഭവന പദ്ധതി ഉത്തരവാദിത്വം നിറവേറ്റിയില്ല |
| 2000-01, 7 | 2003-04, 11.14 | പൊതു പരാമർശം - കേച്ചേരി മിനി കുടിവെള്ള പദ്ധതി അധിക തുക ഈടാക്കിയതിന്റെ വിവരം പദ്ധതിയുമായി ബന്ധപ്പെട്ട വിശദ റിപ്പോർട്ട് എന്നിവ ഹാജരാക്കണം |
| 1999-00, 35 | 2003-04, 11.14 | ചാലിയം കടവ് ലേലം കരാറുകാരന് ഇളവ് ചെയ്ത തുകക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കണം. |
| 2002-03, 2-4 | 2004-05, 3.11.1.4.1 | കേസ് വ്യക്തിപരം – ഫീസ് പഞ്ചായത്തിൽ നിന്നും നൽകി |
| | 2014-15, 4.2.9 | ആർ. എം. എഫ്. അധികം ഒടുക്കി |
| | 2014-15, 5.7.7 | മൃഗാശുപത്രി – വാടക നൽകിയില്ല |
| | 2014-15, 5.7.12 | കർഷകർക്ക് പരിശീലനം നൽകിയില്ല |
| | 2014-15, 5.7.12 | ഗോരക്ഷാ ക്യാംപ് നടത്തിയില്ല |
| | 2014-15, 5.7.12 | സംസ്ഥാന വിഹിതം ലഭ്യമാക്കുന്നതിൽ കാലതാമസം |
| | 2014-15, 5.7.12 | തെരുവു വിളക്കുകളുടെ കണക്കെടുപ്പു നടത്തുന്നില്ല. |
| 2013-14, 2014-15, 3-31 | 2016-17, 4.2.1 | പുറമ്പോക്ക് സംരക്ഷണം – അപാകതകൾ |
| 2014-15, 2-5 | 2016-17, അനുബന്ധം - 4 | തൊഴിൽനികുതി – അപാകതകൾ |
| 2015-16, 2-6 | 2016-17, അനുബന്ധം -5 | തൊഴിൽനികുതി – അപാകതകൾ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടികളുടെ വിവരം

ഇല്ല

(ബി)സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗസ്ഥന്റെ പേര്,ഔദ്യോഗികസ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് ന മ്പർ/ തീയ തി) | റവ ന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കി യ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തു ക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1997-98 | 14 | T.T.K Balan, Secretary | LF.9086/ Spl Cell. SC4/2001 Dt.3.10.02, 22.10.02 | 3091 | - | - | - | - | - | - | - |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം) | 6,24,18,953 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (രസീത് ആന്റ് പേയ്മെന്റ് പ്രകാരം) | 5,10,31,951 |
| വരവിനത്തിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56,710/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,62,698/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 9,598 | ശ്രീമതി. കാവ്യ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 5,216 | ശ്രീമതി. കാവ്യ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 12,209 | ശ്രീമതി. കാവ്യ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | 29,687 | ശ്രീ. മനോജ് കുമാർ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 30,000/- | ശ്രീ. കെ.പി.എം.നവാസ്, സെക്രട്ടറി |
| 1-27 | 6,09,076/- | ശ്രീ. കെ.പി.എം.നവാസ്, സെക്രട്ടറി |
| 1-32 | 1,50,000/- | ശ്രീമതി. ഭവ്യ.കെ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-33 | 6,25,000/- | ഡോ. ആനന്ദ്.എം, വെറ്ററിനറി സർജൻ |
| 1-35 | 6,69,257/- | ഡോ. രൂപ ജിനദേവൻ,<br>മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| 1-36 | 1,79,365/- | ഡോ. അരവിന്ദ് ജോഷി,<br>മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) |
| | 22,62,698/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. കാവ്യ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കടലുണ്ടി ഗ്രാമപഞ്ചായത്ത് | വൈഷ്ണവം, ഇരട്ടയിൽ താഴം നിലം, ചേവായൂർ(പി.ഒ), കോഴിക്കോട് |
| ശ്രീ. മനോജ് കുമാർ.എം, അസിസ്റ്റന്റ് എഞ്ചിനീയർ | വിരമിച്ചു | അനുപമ, മണിയടത്ത് പറമ്പ്, ചേവായൂർ(പി.ഒ), കോഴിക്കോട് |
| ശ്രീ. പി.എം.നവാസ് സെക്രട്ടറി | സെക്രട്ടറി, തേഞ്ഞിപ്പാലം ഗ്രാമപഞ്ചായത്ത് | അക്ഷരം YMRC റോഡ്, വട്ടക്കിണർ കാലിക്കറ്റ് ആർട്സ് & സയൻസ് കോളേജ് (പി.ഒ.) 673018 |
| ശ്രീമതി. ഭവ്യ.കെ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, കടലുണ്ടി ഗ്രാമപഞ്ചായത്ത് | കൊടക്കാടൻ ഹൗസ്, ഫറോക്ക്(പി.ഒ), കോഴിക്കോട്-673631 |
| ഡോ. ആനന്ദ്.എം, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കടലുണ്ടി ഗ്രാമപഞ്ചായത്ത് | A5, ഇന്ദീവരം, മെ ഹേവൻ അപ്പാർട്ട്മെന്റ്സ്, ദത്ത് കോമ്പൗണ്ട്, മാങ്കാവ്, കോഴിക്കോട് |
| ഡോ. രൂപ ജിനദേവൻ, മെഡിക്കൽഓഫീസർ (ഹോമിയോ) | മെഡിക്കൽഓഫീസർ (ഹോമിയോ) കടലുണ്ടിഗ്രാമപഞ്ചായത്ത് | മായാമോഹനം, കൊക്കിവളവ്, ഫറോക്ക്കോളജ്(പി.ഒ), കോഴിക്കോട് |
| ഡോ. അരവിന്ദ് ജോഷി, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) കടലുണ്ടി ഗ്രാമപഞ്ചായത്ത് | F11/49, KSHB കോളനി, ഗവ.മെഡിക്കൽ കോളജ്(പി.ഒ),കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാന വശേഷിക്കുന്ന ഖണ്ഡിക കളുടെ | തീർപ്പാക്കാനവശേ ഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|

| | | എണ്ണം | |
|---|---|---|---|
| 1997-98 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(3) തീയതി-24.04.2023 | 1 | 14 |
| 1999-00 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(5) തീയതി-24.04.2023 | 5 | 35, 42, 52, 55, 58(1) |
| 2000-01 (പ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(7) തീയതി-24.04.2023 | 6 | 6,10, 11(2), (3), 12,19 |
| 2000-01 (നോൺപ്ലാൻ) | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(6) തീയതി-24.04.2023 | 1 | 2-5 |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(8) തീയതി-24.04.2023 | 1 | 3-1 |
| 2001-02 (പ്ലാൻ) | എൽ.എഫ്.കെ.കെ.ഡി.എസ്.1/ 1079/ 2003, 01.01.2004 | 1 | 1 |
| 2002-03 (വരവ്) | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(9) തീയതി-24.04.2023 | 1 | 2-2 |
| 2002-03 (ചെലവ്) | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(10) തീയതി-24.04.2023 | 3 | 2-1, 2-4, 2-11 |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(12) തീയതി-24.04.2023 | 3 | 3-15, 3-16, 3-17 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(15) തീയതി-24.04.2023 | 10 | 3-2, 3-7, 3-12, 3-16, 3-18, 3-19, 3-20,3-21, 3-29, 3-30 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.പി.2/ 62/2015, 01.07.2013 | 11 | 28,29 |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(16) തീയതി-24.04.2023 | 1 | 3-8 |
| 2010-11 & 2011-12 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(17) തീയതി-24.04.2023 | 3 | 3-9,3-11,3-16 |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(18) തീയതി-24.04.2023 | 1 | 3-7, 3-13, 4-1 |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(19) തീയതി-24.04.2023 | 16 | 2-5, 3-5, 3-6, 3-7, 3-8,3-9, 3-12, 3-14, 3-16, 3-17, 3-18, 3-19, 3-20, 3-23, 3-26, 4-1 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(20) തീയതി-24.04.2023 | 8 | 2-2, 2-5, 2-6, 2-8, 3-1, 3-2, 3-3, 3-11 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി. പി1/381/22(21) തീയതി-24.04.2023 | 4 | 2-1, 2-3, 3-2, 3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി16/1574/19 തീ-30.11.2019 | 16 | 2-1, 2-4, 3-1, 3-2, 3-3, 3-4, 3-5,3-6, 3-8,3-9, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി. പി.8/536/20 തീയതി 14.9.20 | 24 | 1-12(1) (4) (6) (10) (15) (16) (17),1-13(1)(2),1-13(3), 1-13-5, 1-13-6, 1-13-7, 1-14-1,1-14-2, 1-14-3,1-14-4, 1-14-5,1-14-6, 1-14-7, 1-14-8, 1-14-10, 1-14-14, 1-14-15(1),(2), 1-14-16, 1-14-17,2-1, 3-1, 3-2, 3-3,3-4, 4-10 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി. പി1/361/23 തീയതി-11.05.2023 | 13 | 1-1,1-2,1-4-1,1-5,1-7,1-8,1-9, 1-10,1-11,1-12,1-13,4-8,4-11 |

| | | | |
|---|---|---|---|
| 2020-21 | കെ.എസ്.എ.കെ.കെ.ഡി. പി1/360/23 തീയതി-03.06.2023 | 30 | 1-1,1-2,1-4-1,1-5,1-7,1-8,1-9, 1-10,1-11,1-12,1-14,1-15, 1-16,1-17,1-18,1-191-20,, 1-21,1-22,1-23,1-24,1-25, 1-26,1-27,1-28,1-29,1-30, 1-31,4-8,4-11 |
| 2021-22 | കെ.എസ്.എ.കെ.കെ.ഡി. പി1/329/23 തീയതി-21.07.2023 | 29 | 1-2, 1-7, 1-8(3,4),1-9,1-10(2),1-11, 1-12, 1-14, 1-15,1-18, 1-20, 1-21, 1-22, 1-26, 1-27, 1-28, 1-29, 1-30, 1-32, 1-34, 1-35, 1-36, 2-1(3,4), 3-2,3-3,3-4,3-6,4-8,4-11 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 07-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kadalundi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kadalundi Grama Panchayat for the year 2022-2023

Date: 02/12/2023

Deputy Director
District Office Kozhikode
Kerala State Audit Department

## Audit Report appended to the Audit Certificate of Kadalundi Grama Panchayat for the Year 2022-2023.

**1.Major Observations**

a) Basic ratios notes to accounts are not included in the Annual Finance Statement.

**2.Other Observations**

a) Cash flow statement - Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

b) Withdrawal without entry in bankbook.

c) Lapses in making timely and accurate demand entries in Property Tax demand

d) Mismatch in Rent arrear calculations.

e) Mismatch in the amounts shown in AFS and Register Abstracts.

f) Abstracts not recorded in registers.

g) Asset Register not updated.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കടലുണ്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്